# ലഘു ലേഖ

## പരിവർത്തനവാദി പ്രസിദ്ധീകരണം


● ഈ ലഘുലേഖയിൽ ●

* കുറിപ്പുകൾ

  ഇന്ദിരയുടെ അടിയന്തിരം

* എഴുതാപ്പുറം

  ചിമൻഭായ് തോററു ചിമൻഭായ് ജയിച്ചു

  കോൺഗ്രസുകാരുടെ കോപ്രാട്ടികൾ

* കത്തുകൾ

  സത്യമില്ലാത്ത സമത്വവും സ്വാതന്ത്ര്യവും

  നാൽക്കവലയിൽ വിടരുത്

* പ്രക്ഷോഭണം രാഷ്ട്രീയാവശ്യത്തിനുവേണ്ടിയാവണം.


വില 50 പൈസ

കുറിപ്പുകൾ

### ഇന്ദിരയുടെ അടിയന്തിരം

ഇന്ദിരാഗാന്ധിക്കു് മറെറാരു അടിയന്തിരാവസ്ഥ കൂടെ ഉണ്ടായിരിക്കുന്നു. വിദേശത്ത്നിന്നുള്ള ആക്രമണത്തിൻെറ പേരിൽ ആരംഭിച്ച അടിയന്തിരാവസ്ഥ നിലവിലിരിക്കുകയാണ്. അപ്പോഴാണ് ആഭ്യന്തര സുരക്ഷിതത്വത്തിൻെറ പേരിൽ ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥക്കു് മേൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നത്. അതായത് ഇന്നു ഭാരതം അകത്തുനിന്നും പുറത്തുനിന്നുമുള്ള ആക്രമണത്തെ നേരിട്ടുകൊണ്ടിരിക്കുകയാണത്രേ. ഭാരതം മുമ്പൊരിക്കലും ഉണ്ടാകാത്ത അപകടത്തിൽപ്പെട്ടിരിക്കുകയാണെന്നു മാലോകർ വിശ്വസിക്കണം പോലും.

ഇത്രയും നാൾ ഇന്ദിരയും ശിങ്കിടികളും നടത്തിക്കൊണ്ടിരുന്ന ഭ്രാന്തൻ ജൽപ്പനങ്ങൾകേട്ട് ആരും ഇവിടെ അടിയന്തിരാവസ്ഥയുണ്ടെന്നു അംഗീകരിക്കാൻ കൂട്ടാക്കിയിട്ടില്ല. ഡിഗോഗാർഷ്യയിൽ അമേരിക്കയുടെ സൈനീകത്താവളം ഉണ്ടാകാൻപോകുന്നുവെന്നു ഇമ്പാച്ചി കാണിച്ചും പാക്കിസ്ഥാൻെറ സൈനീക സന്നാഹങ്ങൾ പെരുകുന്നു വെന്ന് പേടിപ്പിച്ചും വിദേശഭീഷണിയുടെ പേരിൽ അടിയന്തിരാവസ്ഥ തുടരാൻ ഇന്ദിര പല അടവുകളും പയററി നോക്കിയതാണ്, അമേരിക്കയുടേതായാലും പാക്കിസ്ഥാൻെറതായാലും യഥാർത്ഥത്തിലുള്ള ഭീഷണിയുണ്ടായാൽ എങ്ങിനെ നേരിടണമെന്നു് അറിയാവുന്നവരാണ് ഈ നാട്ടുകാർ. ഇനി നമ്മുടെ 'എലിപുലി ഉമ്മാമ്പുലി' കേട്ടു് പരിഭ്രാന്തരാകാത്തവർ അടിയന്തിരാവസ്ഥ പിൻവലിക്കണമെന്നും അധികാരം കയ്യടക്കിവെക്കാനുള്ള അടവ് അവസാനിപ്പിക്കണമെന്നും ശഠിച്ചുനിന്നു.

ഗുജറാത്തിൽ നിന്നു തെരഞ്ഞെടുപ്പ് നടക്കും മുമ്പ് മൊറാർജി ദേശായി നിരാഹാരസത്യാഗ്രഹം നടത്തിയത് അടിയന്തിരാവസ്ഥ പിൻവലിക്കണമെന്ന ആവശ്യം കൂടെ ഉന്നയിച്ചുകൊണ്ടായിരുന്നു. തെരഞ്ഞെടുപ്പ് നടത്താമെന്നും അടിയന്തിരാവസ്ഥ പിൻവലിക്കുന്ന കാര്യം പിന്നീട് ചർച്ചചെയ്യാമെന്നുമുള്ള ധാരണയിലാണ് അദ്ദേഹം അന്നു നിരാഹാര സത്യാഗ്രഹം പിൻവലിച്ചത്തന്നെ.

മൊറാർജി മാത്രമല്ല, അനിശ്ചിതമായി അടിയന്തിരാവസ്ഥ തുടരുന്നതിൽ പ്രതിഷേധിച്ചിട്ടുള്ളത്. ജയപ്രകാശ് നാരായണൻെറ നേതൃത്വത്തിൽ പ്രതിപക്ഷകക്ഷിക്കാർ ചേർന്ന് പാർളിമെൻറിനു സമർപ്പിച്ച അവകാശ പത്രികയിൽ അടിയന്തിരാവസ്ഥയും രാജ്യരക്ഷാ ചട്ടങ്ങളും പിൻവലിക്കണമെന്നു ആവശ്യപ്പെട്ടിരുന്നു.

ആഭ്യന്തരമോ ബാഹ്യമോആയ ഭീഷണികൾ ഒന്നുംതന്നെ നിലവിലില്ലാതിരുന്നിട്ടും അനിശ്ചിതമായി അടിയന്തിരാവസ്ഥ തുടരുകയാണ്; വിചാരണകൂടാതെ അനേകംപേരെ രാഷ്ട്രീയകുററമാരോപിച്ച് തടവിലാക്കി പീഡിപ്പിക്കുന്നു. രാഷ്ട്രീയകുററമാരോപിച്ച് തടവിലിട്ടിട്ടുള്ളവരേയും നക്സലൈററ് മുദ്രകുത്തി വിചാരണകൂടാതെ തടവിലാക്കിയിട്ടുള്ളവരേയും ഉടനടി മോചിപ്പിക്കണമെന്നും അടിയന്തിരാവസ്ഥ പിൻവലിക്കണമെന്നും" കോൺഗ്രസ് പരിവർത്തനവാദികളുടെ സംസ്ഥാനസമ്മേളനവും വ്യക്തമായി ആവശ്യപ്പെട്ടിരുന്നു.

(ശേഷം 2-ാം പേജിൽ)

## കുറിപ്പുകൾ തുടർച്ച

കോൺഗ്രസിനകത്ത് തന്നെ പല പാർലിമെന്റംഗങ്ങളും കോൺഗ്രസിനേക്കാൾ ഇന്ദിരാ ഭക്തരായ സി. പി. ഐ.ക്കാരും നക്സലൈറ്റ് തടവുകാരെ വിട്ടയക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെയൊക്കെ അർത്ഥം, ഈ രാജ്യത്തെ വമ്പിച്ച ഭൂരിപക്ഷം വരുന്ന ജനങ്ങൾ ആഭ്യന്തരമോ ബാഹ്യമോ ആയ ഒരു അടിയന്തിരാവസ്ഥയും ഉള്ളതായി കരുതുന്നില്ലെന്നാണ്.

എന്നിട്ടും ഒരു പ്രഭാതത്തിൽ അഭ്യന്തര സുരക്ഷിതത്വത്തിന്റെ പേരിൽ രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാൻ കാരണമെന്ത്? ഉത്തരം വ്യക്തമാണ്. ഭാരതത്തിനു അടിയന്തിരാവസ്ഥയുണ്ടായിട്ടില്ലെങ്കിലും ഇന്ദിരക്ക് അടിയന്തിരാവസ്ഥയുണ്ടായിരുന്നു. ഇന്ത്യയുടെ സുരക്ഷിതത്വം അപകടത്തിലായിട്ടില്ലായിരുന്നെങ്കിലും ഇന്ദിരയുടെ സുരക്ഷിതത്വം അപകടത്തിലായിരുന്നു. പ്രധാനമന്ത്രിപദം ആപൽക്കടത്തിലാകുമെന്ന പരിഭ്രാന്തിയിൽ ഇന്ദിരകാട്ടിക്കൂട്ടിയ ഗോഷ്ടിയാണ് പുതിയ അടിയന്തിരാവസ്ഥയുടെ പ്രഖ്യാപനം. ഇന്ദിരാസ്തുതി നടത്തിയ സ്ഥാനസംരക്ഷണം പരിപാടിയാക്കിയിട്ടുള്ള ശിങ്കിടികൾ ആഘോഷ്ടികൾ കൊണ്ടു കോലംകെട്ടുകയും ചെയ്തിരുന്നു.

ഇന്ദിരയുടെ പ്രധാനമന്ത്രിപദം അപകടത്തിലാകുമെന്ന അടിയന്തിരാവസ്ഥ ഉണ്ടായിരുന്നു എന്നത് സത്യമാണ്. അലഹബാദ് ഹൈക്കോടതി അവരുടെ തെരഞ്ഞെടുപ്പ് റദ്ദാക്കിയിരുന്നു. ഹൈക്കോടതിയിൽനിന്നു വ്യാജം പറഞ്ഞാണ് ഇന്ദിര സ്റ്റേവാങ്ങിച്ചത്. പുതിയ നേതാവിനെതെരഞ്ഞെടുക്കാൻ പാർലിമെന്ററിപാർട്ടിക്ക് സമയംവേണമെന്ന് ഇന്ദിര അലഹബാദ് ഹൈക്കോടതിയിൽ ബോധിപ്പിച്ചിരുന്നു. പക്ഷെ ഒരിക്കൽ സ്ഥാനംനഷ്ടപ്പെട്ടുകഴിഞ്ഞാൽ അതു തിരിച്ചുകിട്ടുകില്ലെന്നു മനസിലാക്കിയ ഇന്ദിരയും അവരുടെ പാദഷ്ടാക്കളും ഇന്ദിരാഭജനഗാനങ്ങളും ഇന്ദിരാശാനംതീർത്ഥയാത്രകളും സംഘടിപ്പിച്ചു. കോൺഗ്രസുകാരെ സർക്കാർ ചെലവിൽ ഡൽഹിയിൽ എത്തിച്ച് ഇന്ദിരയില്ലെങ്കിൽ നാടു നശിക്കുമെന്നു പ്രചരിപ്പിച്ചു.

ഇതിനിടയിൽ താൽക്കാലികമായി ഏതെങ്കിലും ഒരു പാദദാസനെ പിടിച്ച് പ്രധാനമന്ത്രിയാക്കാൻ പരിപാടി ഇടാതിരുന്നില്ല. സുപ്രീം കോടതിയിൽനിന്നു സ്റ്റേ മേടിക്കാനും അതുവരെ ബറുവയെ പോലുള്ള ഏതെങ്കിലും വളർത്തു മൃഗത്തെ പ്രധാനമന്ത്രിയുടെ കസേരയിൽ ഇരുത്താനുമായിരുന്നു പരിപാടി. പക്ഷെ ഇന്ദിര മാറിയാൽ പിന്നെ പ്രധാനമന്ത്രിയായിരിക്കുന്നത് ആരാണെന്നു തീരുമാനിക്കേണ്ടത് പാർലിമെന്ററിപാർട്ടി ആണെന്നു ജഗജീവൻറാം പറഞ്ഞു. ശിങ്കിടികളെ പ്രധാനമന്ത്രി സ്ഥാനത്ത് നിയമിക്കുന്നതിനെയെങ്കിലും എതിർക്കാൻ റാം തയ്യാറായി.

സ്ഥാനമൊഴിഞ്ഞാൽ തിരിച്ചുവരാൻ സാദ്ധ്യമല്ലാതാകുമെന്നു ഇന്ദിരയും കൂട്ടരും ഭയന്നു. സ്ഥാനത്ത് തുടർന്നുകൊണ്ട്, അധികാരം ചെലുത്തിസഹപ്രവർത്തകരെ നിർബന്ധിച്ച് പ്രസ്താവനകൾ പുറപ്പെടുവിച്ചും ഇന്ദിര സുപ്രീം കോടതിയിൽ 'സ്റ്റേ' ഹർജിയുമായി എത്തി. ആരും ആവശ്യപ്പെടാരത തന്നെ പ്രധാനമന്ത്രിയായി തുടരാൻ അനുവദിച്ചുകൊണ്ട് സോപാധികമായ സ്റ്റേ, ആണ് ജസ്റ്റീസ് കൃഷ്ണയ്യർ ഇന്ദിരക്ക് നൽകിയത്. പാർലിമെന്റിൽ ഹാജരാകാനല്ലാതെ വോട്ടു ചെയ്യാനുള്ള അവകാശം ഇന്ദിരക്കുണ്ടായിരിക്കയില്ലെന്നു സുപ്രീം കോടതി ഉത്തരവിട്ടു,

ഇന്ദിര രാജിവെക്കണമെന്നു പ്രതിപക്ഷകക്ഷികൾ സംഘടിതമായി ആവശ്യപ്പെട്ടുതുടങ്ങി. ഗുജറാത്ത് തെരഞ്ഞെടുപ്പിന്റെ ഫലം ഇന്ദിരക്ക് പ്രശംസയുണ്ടാക്കുന്നതുമായിരുന്നില്ല. ലോകസഭയുടെ വർഷക്കാലസമ്മേളനം അടുത്തുവരുകയായിരുന്നു. ഈ സാഹചര്യത്തിലൊന്നും ഇന്ദിര കുലുങ്ങിയില്ല. കാരണം താൻ നേതൃസ്ഥാനത്തിരിക്കെ തനിക്കെതിരെ കോൺഗ്രസിൽ നിന്നു ഒരു ശബ്ദവും ഉയരുകയില്ലെന്നു അവർ കരുതി.

എന്നാൽ, അനേകായിരം ധീരദേശാഭിമാനികൾക്ക് ജൻമം നൽകിയ കോൺഗ്രസിൽ തീർത്തും അടിമകളായിട്ടില്ലാത്ത ചിലരെങ്കിലും അവശേഷിച്ചിരുന്നു. സ്വന്തം മന്ത്രിസ്ഥാനം നിലനിർത്താൻ വേണ്ടി പല വിഡ്ഢിവേഷങ്ങളും കെട്ടിയ ജഗജീവൻറാം, ചവാൻ എന്നിവരെ ആശ്രയിക്കാതെ തന്നെ, കോൺഗ്രസ് വർക്കിങ് കമ്മിറ്റി മെമ്പർ ചന്ദ്രശേഖറും കൂട്ടുകാരും ഇന്ദിരയെ വെല്ലുവിളിച്ചു. കോൺഗ്രസിൽ മേലാൽ തന്റെ ഏകഛത്രാധിപത്യം നടക്കില്ലെന്നറിഞ്ഞ് ഇന്ദിര ഞെട്ടിവിറച്ചു. കോൺഗ്രസിനകത്ത് നിന്നു തന്റെ നേതൃത്വത്തിനെതിരായ വെല്ലുവിളി ഉയരുന്നതാണ് ഏറ്റവും വലിയ ഭീഷണിയെന്നു അറിയാമായിരുന്ന ഇന്ദിരയുടെ സമനില തെറ്റി. അവർ തന്റെ പാർശ്വവർത്തികളുമായി തിരക്കിട്ടാലോചിച്ചു. രണ്ടും കൽപിച്ചുകൊണ്ട് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. സ്വന്തം കക്ഷിയിലെ സഹപ്രവർത്തകരെ തടവിലാക്കി. അതിന മറ പിടിക്കാൻ വേണ്ടിയാണ് പ്രതിപക്ഷകക്ഷിനേതാക്കളേയും ജയപ്രകാശ് നാരായണനേയും തടവിലാക്കിയത്.

കോൺഗ്രസ് പരിവർത്തനവാദികൾ ചൂണ്ടിക്കാണിച്ച തന്ത്രം ഏറ്റവും ഫലപ്രദമാണെന്നു സംശയരഹിതമായി തെളിഞ്ഞിരിക്കുന്നു. നിലവിലുള്ള വ്യവസ്ഥയുടെ പരിപാലകരും സംരക്ഷകരും ഭയപ്പെടുന്നത് കോൺഗ്രസിനകത്ത് നിന്നുള്ള ഇടതുപക്ഷവെല്ലുവിളികളെയാണ്. മാസങ്ങളോളമായി ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രക്ഷോഭണത്തെയോ, ഗുജറാത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസിനു ഉണ്ടായ പരാജയത്തെയോ, അലഹബാദ് ഹൈക്കോടതിയുടേയും സുപ്രീംകോടതിയുടേയും ഉത്തരവുകളോ അധികാരം കയ്യടക്കിവെച്ചിരിക്കുന്ന ഇന്ദിരാഗാന്ധിയേയും കൂട്ടുകാരേയും ഒട്ടും പരിഭ്രമിപ്പിച്ചിരുന്നില്ല. ഈ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ കോൺഗ്രസിനകത്ത് തന്നെ വലതു പക്ഷവിഭാഗക്കാരിൽനിന്നു ഇന്ദിരക്കെതിരെ എന്തെങ്കിലും ശബ്ദമുയർന്നാലും അവർ കൂട്ടാക്കുമായിരുന്നില്ല. പക്ഷെ, ഒരുതരത്തിലും വലത് പക്ഷക്കാരെന്നോ, പിന്തിരിപ്പൻമാർ എന്നോ ആക്ഷേപിക്കാൻ നിവൃത്തിയില്ലാത്ത ചന്ദ്രശേഖറും മോഹൻധാരിയയും കൃഷ്ണകാന്തും ലക്ഷ്മികാന്തും മറ്റും ഇന്ദിരയെ ചോദ്യം ചെയ്തപ്പോൾ അവരുടെ അടിപതറുക തന്നെ ചെയ്തു.

(ശേഷം 17–ാം പേജിൽ)

(11–ാംപേജിൽ നിന്നും തുടർച്ച)

എൽ. ഡി. നേതാവ് കളിയാക്കാൻ പറഞ്ഞതാണെങ്കിലും ശരി കോൺഗ്രസ് പാർലിമെൻറി പാർട്ടി അംഗങ്ങൾ അങ്ങിനെ ചെയ്യുമോ എന്നു സംശയിക്കത്തക്ക നില ഉണ്ടായിട്ടുണ്ട്.

പാർളിമെൻററി പാർട്ടിയോഗത്തിൽ കോൺഗ്രസ് പ്രസിഡൻറ് ഡി. കെ. ബറുവ പ്രഖ്യാപിച്ചത് ഭാരതീയർക്കൊട്ടാകെ അപമാനമുണ്ടാക്കുന്ന കാര്യമാണ്. 'ഇന്ദിര തന്നെയാണ് ഇന്ത്യയെന്നും ഇന്ത്യതന്നെയാണ് ഇന്ദിര'യെന്നും ആ വിദൂഷകൻ തട്ടി മൂളിക്കുകയുണ്ടായി. കോൺഗ്രസ് പ്രസിഡൻറുമാരായിരുന്നിട്ടുള്ള പൂർവ്വസൂരികളെ അപമാനിക്കാൻ തക്കവണ്ണം ബറുവമാരും എസ്. ഡി. ശർമ്മമാരും ആണ് ഇപ്പോൾ ആ സ്ഥാനത്ത് എത്തിക്കൊണ്ടിരിക്കുന്നത്. അത് തന്നെ കോൺഗ്രസ് ഭരണഘടന അനുശാസിക്കുന്ന ഒരു ചട്ടവും വ്യവസ്ഥയും അനുസരിച്ചല്ലാ നടക്കുന്നത്. ഇന്ദിരയുടെ ആശ്രിതൻമാരെ അവർ പ്രസിഡൻറ് സ്ഥാനത്ത് അവരോധിക്കുന്നു. അധികാരിയായ ഇന്ദിരയെ സ്തുതിച്ച് സ്ഥാനം നേടാൻ തത്രപ്പെട്ടിരിക്കുന്ന കോൺഗ്രസുകാർ അതുകൊണ്ടാടുകയും ചെയ്യുന്നു. ആചന്ദ്രതാരം, സന്തതി പരമ്പരകളിലൂടെ ഇന്ദിര വാഴണമെന്നു അവർ പറയാതിരുന്നത് എന്തുകൊണ്ടാണാവോ?

കോൺഗ്രസ് പാർളിമെൻററി പാർട്ടിയുടെ യോഗത്തിൽ വർക്കിങ്ങ് കമ്മിററി മെമ്പർ ചന്ദ്രശേഖറും കൃഷ്ണകാന്തും മോഹൻധാരിയയും പാർളിമെൻററി പാർട്ടി സെക്രട്ടറി രാംധൻ, ലക്ഷ്മീകാന്തമ്മ എന്നിവരും സംബന്ധിച്ചില്ലെന്നാണ് റിപ്പോർട്ട്. ഇവർ യോഗത്തിൽ സംബന്ധിക്കാതിരുന്നത് തെററായിപ്പോയി. യോഗത്തിൽ സംബന്ധിച്ച് 'ഇന്ത്യതന്നെ ഇന്ദിര' എന്നു പറയുന്ന അസംബന്ധത്തിനു കൂട്ടുനിക്കാൻ തങ്ങളില്ലെന്നു പ്രഖ്യാപിക്കുകയാണ് അവർ ചെയ്യേണ്ടിയിരുന്നത്. പാർളിമെൻററി പാർട്ടി സെക്രട്ടറി സ്ഥാനത്തേക്ക് നല്ല ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ട ആളാണ് രാംധൻ. കോൺഗ്രസിനകത്ത് തന്നെ അനുകൂലിക്കുന്നവർ ധാരാളമുണ്ടെന്നു പറഞ്ഞുകൊണ്ട് രാംധൻെറ വിജയം അതിൻെറ ലക്ഷണമാണെന്നു ജപ്രകാശ് നാരായണൻ കൊച്ചിയിൽവെച്ച് പരസ്യമായി പ്രഖ്യാപിച്ചതാണ്. അതിൽ കുറെ ശരിയുമുണ്ട്. ആരെങ്കിലും ഒരാൾ ഇന്ദിരാസ്തുതിഗീതത്തിനെതിരെ പാർട്ടിയോഗത്തിൽ ശബ്ദമുയർത്തിയിരുന്നുവെങ്കിൽ തീർച്ചയായും പാർളിമെൻററി പാർട്ടിയിൽ ഇപ്പോഴുണ്ടായതുപോലെ 'ഇന്ദിര ജയ ജയ' എന്ന വൃന്ദഗാനം മുഴുങ്ങുമായിരുന്നില്ല.

നമ്മുടെ സാമൂഹിക—സാമ്പത്തിക സമ്പ്രദായത്തിനു വിപുലവും ജീവത്തുമായ മാററങ്ങൾ വരുത്താൻ നിശ്ചയദാർഢ്യത്തോടെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു, എന്നു പ്രഖ്യാപിച്ചുകൊണ്ട് കോൺഗ്രസ് പാർളിമെൻററി പാർട്ടിയുടെ പ്രമേയം തുടരുന്നു "ഇന്ദിരാഗാന്ധിയുടെ ഉത്തേജകമായ നേതൃത്വത്തിൽ, ഈ മാററങ്ങൾക്ക് അടിത്തറ പാകുന്നതിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്." ഇത്രയും വലിയ നുണ പറയാൻ കോൺഗ്രസുകാർക്ക് എങ്ങിനെ കഴിഞ്ഞു എന്നാണ് അത്ഭുതപ്പെടേണ്ടത്. ഇന്ന് കാണുന്ന രീതിയിലുള്ള മാററങ്ങൾ ആണോ സാമൂഹ്യ—സാമ്പത്തികസംവിധാനത്തിൽ ഉണ്ടാകേണ്ടതായ മാററങ്ങളായി കോൺഗ്രസുകാർ കാണുന്നതെന്നു അറിയേണ്ടിയിരിക്കുന്നു.

കഴിഞ്ഞ ദശകത്തിൽ കോൺഗ്രസിനു നേതൃത്വം നൽകി എന്നു പറയുന്ന ഇന്ദിരയുടെ ഭരണത്തിൽ ഉണ്ടായതെന്താണ്? കുത്തകകൾ തടിച്ചു കൊഴുത്തു; വിദേശക്കടം പെരുകി ഉയർന്നു. വിദേശമൂലധനത്തിനു രാജ്യം കൂടുതൽ കൂടുതൽ അടിമപ്പെട്ടു. ഒരേ ഒരു കുത്തകസ്ഥാപനത്തിൽ നിന്നു തന്നെ കിട്ടാനുള്ള നികുതി കുടിശിക 45 കോടി രൂപയിൽ അധികമായി. നിരക്ഷരർ പെരുകി. ഉറുപ്പികയ്ക്ക് 25 പൈസ പോലും വിലയില്ലാതായി. ഹരിജനങ്ങൾ മർദ്ദിക്കപ്പെട്ടു. പാവപ്പെട്ടവർ കൂടുതൽ പാവപ്പെട്ടവരായി. ഇന്ദിരയുടെ നേതൃത്വത്തിൽ നടന്ന സാമൂഹ്യ–സാമ്പത്തികമാററങ്ങളുടെ ചിത്രമാണിത്.

ഇതിനെതിരെ ശബ്ദമുയർത്താത്തവരെയാണ്, 'പെരുപ്പ്നക്കികൾ' എന്നു ശരിക്കും വിളിക്കേണ്ടത്. അവർക്ക് സ്വന്തം സ്ഥാനങ്ങൾ സ്ഥാപിത താൽപര്യമായിരിക്കുന്നു. കോടതിയോടും ഭരണഘടനയോടും ഉണ്ടായിരുന്ന അതിരററ ഭക്തിയെല്ലാം അവസാനിച്ച് 'ഇന്ദിരതന്നെ ഇന്ത്യ' എന്ന തുരീയാവസ്ഥയിലാണ് ചെന്നെത്തിയിരിക്കുന്നത്. ഭരണഘടനയും അതു പ്രകാരം പ്രവർത്തിക്കുന്ന നിയമനിർമ്മാണ സഭകളും, കോടതികൾ, ഭരണകൂടം, എന്നിവയൊക്കെ ഇന്ദിരയെന്ന പരബ്രഹ്മത്തിലേക്കുള്ള ഭക്തി നിർഭരമായ യാത്രയിൽ ത്യജിക്കേണ്ടതായ മായാ വിഭ്രാന്തികൾ മാത്രം!

കോൺഗ്രസ്പാർലിമെൻററി പാർട്ടിയെക്കൊണ്ട് ഈ കോപ്രാട്ടികൾ എല്ലാം കാണിച്ചതും, ലക്ഷക്കണിനു രൂപ ചെലവാക്കി ആയിരക്കണക്കിനു കോൺഗ്രസ് ഭക്തരെക്കൊണ്ട് ദൽഹിയിലേക്ക് തീർത്ഥയാത്ര നടത്തിച്ചതും അലഹാബാദ് ഹൈക്കോടതിയുടെ വിധിയുടെ അനന്തരഫലമാണെന്നുവ്യക്തമാണ്. അലഹാബാദ് ഹൈക്കോടതി ഇന്ദിരയുടെ തെരഞ്ഞെടുപ്പ് റദ്ദാക്കിയ ഉത്തരവു പുറപ്പെടുവിച്ച ശേഷം അത് സ്റേറ ചെയ്യുകയുണ്ടായി. കോൺഗ്രസ് പാർളിമെൻററി പാർട്ടിക്ക് പുതിയനേതാവിനെ തെരഞ്ഞെടുക്കാൻ സമയം വേണ്ടി വരുമെന്നു പറഞ്ഞാണ് അലഹാബാദ് ഹൈക്കോടതിയിൽ നിന്നു ഇന്ദിരാഗാന്ധി സ്റേറ മേടിച്ചത്. അതുകഴിഞ്ഞപ്പോഴാണ് പരിഭ്രാന്തി അവരെ പിടി കൂടിയത്.

• തൽക്കാലത്തേക്കെങ്കിലും സ്ഥാനത്ത് നിന്നു മാറിയാൽ തിരിച്ചുവരാൻ പററില്ലെന്ന ഭയമാണു പ്രധാനമന്ത്രിക്കുള്ളതെന്നു കോൺഗ്രസ് പരിവർത്തനവാദികളുടെ നേതാവു് എം. എ. ജോൺ ചൂണ്ടിക്കാണിച്ചതാണ് ശരി. അതല്ലെങ്കിൽ, പുതിയ നേതാവിനെ തെരഞ്ഞെടുക്കാൻ സമയം വേണമെന്നു പറഞ്ഞയാൾ കോൺഗ്രസിൻെറയം ജനങ്ങളുടെയും പിൻതുണയോടെയാണ് അധികാരത്തിൽ തുടരുന്നതെന്നു പറഞ്ഞയാൾ—നിയമത്തോടും കോടതിവിധികളോടും അങ്ങേയററം ആദരവു് കുടുംബ പൈതൃകമായിത്തന്നെയുണ്ടെന്നു പറയുന്ന ആൾ—സുപ്രീംകോടതിയിൽ നിന്നു വിധിയുണ്ടാകുന്നതുവരെ താൽക്കാലികമായി എന്തുകൊണ്ടു് പ്രധാനമന്ത്രിസ്ഥാനത്ത് നിന്നു മാറിനിൽക്കുന്നില്ല ?

പ്രധാനമന്ത്രിസ്ഥാനത്ത് നിന്നു ഇന്ദിരയെയോ മററാരേയെങ്കിലുമോ മാററേണ്ടത് കോടതിയാണെന്ന അഭിപ്രായത്താലല്ലാ ഇത്രയും പറഞ്ഞത്. അതു ചെയ്യുന്നത് ജനങ്ങൾ തന്നെയാണു്. കോടതികൾ വളരെ വിശുദ്ധമാണെന്നും കോടതിവിധികൾ അലംഘനീയമായ ധർമ്മ ശാസ്ത്രമാണെന്നും പ്രഖ്യാപിക്കുന്നവർ സ്വന്തംകാര്യം വരുമ്പോൾ അതിനെതിരായ നടപടി സ്വീകരിക്കുന്ന സമ്പ്രദായത്തെയാണ് ഇവിടെ അധിക്ഷേപിക്കുന്നത്. ഭാരതത്തിലെ ഭരണകക്ഷക്കാരും പ്രതിപക്ഷക്കാരും അക്കാര്യത്തിൽ തുല്യരുമാണ്. കോടതികളുടെനീതി നിർവ്വഹണ സമ്പ്രദായത്തെ വിമർശിച്ച ഇ. എം. എസി. നെ സുപ്രീം കോടതി ശിക്ഷിക്കുകയുണ്ടായി. മാത്രമല്ല സുപ്രീം കോടതി ഇ. എം. എസിനെമാർക്സിസം പഠിപ്പിക്കാൻ ഒരുമ്പെടുകയുമുണ്ടായി. ഇതിലൊന്നും ഒരുതെററും കാണാതിരുന്നവർ ഇപ്പോൾ കോടതിവിധിയേക്കാൾ വലുത് ജനതാൽപ്പര്യമാണെന്നു കണ്ടെത്തുന്നതാണ് വിചിത്രം.

അലഹബാദ് ഹൈക്കോടതിയുടെ വിധിയിൽ പല വൈചിത്ര്യങ്ങളുമുണ്ടെന്ന വസ്തുതനിഷേധിക്കാനാവില്ല. എന്നാൽ എല്ലാകോടതിവിധികളും അത്തരത്തിലാണ് ഉണ്ടാകാറുള്ളത്. തെരഞ്ഞെടുപ്പുകാര്യത്തിൽ ഹെലികോപ്ടറുംവിമാനവും മററും ഉപയോഗിച്ചു, വമ്പിച്ചതോതിൽ ഇന്ദിര പണംചെലവഴിച്ചു എന്നിങ്ങനെ രാജനാരായണൻ ഉന്നയിച്ചിട്ടുള്ള ആരോപണമൊന്നും അലഹബാദ് ഹൈക്കോടതി അംഗീകരിച്ചിട്ടില്ല. ഇന്ദിരാഗാന്ധി പ്രസംഗിച്ച യോഗത്തിൽ പ്രസംഗപീഠം പണിയുന്നതിനും സർക്കാർ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി എന്ന ആരോപണമാണ് ഹൈക്കോടതി അംഗീകരിച്ചത്. പോലീസിനെ നിർത്തുന്നതും മുള്ളുവേലി കെട്ടുന്നതും ഉൾപ്പെടെയുള്ള നാനാവിധം സജ്ജീകരണങ്ങൾ നടത്തുന്നത് സർക്കാർ ഉദ്യോഗസ്ഥൻമാരെ ഉപയോഗപ്പെടുത്തലല്ലെന്നു് കണ്ടഹൈക്കോടതി പ്രസംഗപീഠം നിർമ്മിച്ചതിനും വിദ്യുശക്തി നൽകിയതിനും സർക്കാർ ഉദ്യോഗസ്ഥനെ ഉപയോഗിച്ചത് അഴിമതിആണെന്നു വിധിക്കുന്നതിൽ വൈരുദ്ധ്യമുണ്ട്. ഇക്കാര്യത്തിനുള്ള ചെലവു് കോൺഗ്രസ്പാർട്ടി നൽകണമെന്നു പറയുമെന്നല്ലാതെ നിലവിലുള്ള നിയമമനസരിച്ചുതന്നെ അഴിമതി ആണെന്നു പറയുകയോ പറയാതിരിക്കുകയോ ചെയ്യുന്നത് ജഡ്ജിയുടെ ആത്മനിഷ്ഠമായ തീരുമാനംമാത്രമാണ്. ഇതിനും പുറമെ പ്രധാനമന്ത്രി പ്രസംഗിച്ച യോഗത്തിനു വിദ്യുശക്തി നൽകി എന്നത് കോൺഗ്രസ് പ്രചരണത്തെ സഹായിക്കലാണെന്നു പറയാനാവുമോ? ആളു കൂടുന്ന സ്ഥലത്ത്, ആളുകൾക്ക് യോഗം കേൾക്കാൻ വേണ്ടസൗകര്യം ചെയ്തു കൊടുക്കുന്നത് സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ചുമതലയായിട്ടല്ലേ കണക്കാക്കേണ്ടത്. രാജനാരായണൻ പ്രസംഗിക്കുന്ന യോഗത്തിലേതിനേക്കാൾ ആളുകൾ പ്രധാനമന്ത്രിയുടെ യോഗത്തിൽ സംബന്ധിക്കുമെന്നത് നിഷേധിക്കാൻ വയ്യാത്ത കാര്യമാണല്ലോ. എന്നു തന്നെയല്ലാ വൈദ്യുതി നൽകുന്നതും പ്രധാനമന്ത്രിയുടെ രക്ഷാ ഏർപ്പാടുകളുടെഭാഗമായിക്കരുതാവുന്നതേയുള്ളു. തെരഞ്ഞെടുപ്പ് പരിഷ്ക്കരണത്തെക്കുറിച്ച് റിപ്പോർട്ട്ചെയ്യാൻ ജയപ്രകാശ് നിയോഗിച്ചതാർക്കുണ്ടെ കമ്മററി ശുപാർശചെയ്തിരിക്കുന്നത് തെരഞ്ഞെടുപ്പ് യോഗങ്ങൾക്കു് സർക്കാർ സ്കൂളുകൾ അനുവദിക്കണമെന്നല്ലേ ?

ഇത്രയും പറഞ്ഞത് പ്രധാനമന്ത്രിക്ക് ഇന്നുകൊടുക്കുന്ന വമ്പിച്ച രക്ഷാ ഏർപ്പാടുകളും അവരുടെ സന്ദർശന സമയത്ത് കാണുന്ന സന്നാഹങ്ങളും ആവശ്യമാണെന്ന അർത്ഥത്തിലല്ല. അതെല്ലാം ആവശ്യമാണെന്നുപ്രഖ്യാപിക്കുന്നപ്രതിപക്ഷക്കാരും കേന്ദ്രമന്ത്രിസഭയിലും മററും അംഗമായിരിക്കെ അതിനൊക്കെ കൂട്ടുനിന്ന മൊറാർജി ദേശായിയെപ്പോലുള്ള നേതാക്കളും അലഹബാദ്ഹൈക്കോടതി വിധിയിൽ അതിരുകടന്ന ആവേശം കാണിക്കുമ്പോൾ ഇതൊക്കെപ്പറയാതിരിക്കാൻ നിർവ്വാഹമില്ല. കേരളത്തിലാണെങ്കിൽ പ്രതിപക്ഷ നേതാവ് ഇ. എം. എസിൻെറ രക്ഷാ ഏർപ്പാടുകൾക്കായി സർക്കാർ ചെലവിൽ ഒരുപോലീസുകാരനെ വിട്ടുകൊടുത്തിരുന്നു. ഇപ്പോഴും ആപോലീസുകാരൻ ഇ. എം. എസിനെ സേവിക്കുന്നുണ്ടെന്നാണ് തോന്നുന്നത്. ഇ. എം. എസാണെങ്കിൽരാഷ്ട്രീയ പ്രവർത്തനമല്ലാതെ സർക്കാർജോലിയൊന്നും മന്ത്രിമാരെപ്പോലെ ചെയ്യുന്നുമില്ല. അതുകൊണ്ട് അദ്ദേഹത്തിൻെറ രാഷ്ട്രീയ പ്രവർത്തനത്തിനു പോലീസിനെ ഉപയോഗിച്ചുവെന്നും തെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ സർക്കാർ ഉദ്യോഗസ്ഥൻെറ സഹായം തേടിയെന്നു ആരോപിച്ച് ഇ. എം. എസിൻെറ തെരഞ്ഞെടുപ്പ് ഏതെങ്കിലും കോടതിക്ക് റദ്ദാക്കാനാകുമോ ?

ഗസററഡ് ഉദ്യോഗസ്ഥനായയശ്പാൽ കപൂർ സർക്കാരുദ്യോഗസ്ഥനായിരിക്കെ, ഇന്ദിരയുടെ തെരഞ്ഞെടുപ്പുപ്രചരണ പരിപാടികളിൽ പങ്കെടുത്തു എന്നതാണ് അലഹാബാദ് ഹൈക്കോടതിയുടെ മറെറാരു ആരോപണം. യശ്പാൽകപൂർ സമർപ്പിച്ച രാജി സ്വീകരിക്കും മുമ്പേ അയാൾ തെരഞ്ഞെടുപ്പു പ്രചരണത്തിനു പോയിയെന്നാണ് ഹൈക്കോടതി പറയുന്നത്. രാജി ഔപചാരികമായിസ്വീകരിച്ചില്ലന്നേയുള്ളു. യശ്പാൽകപൂർ വിവാദവിഷയമായദിവസങ്ങളിൽ ശമ്പളം പററിയിട്ടില്ല. എന്നുതന്നെയല്ല, അയാൾ രാജിവക്കുകയും പിന്നിട് കോൺഗ്രസ് എം.പി. ആയിത്തീരുകയും ചെയ്തു എന്നതാണ് സത്യം. ഈ വസ്തുതകൾനോക്കാതെ കേവലം നിയമദൃഷ്ട്യാ നോക്കിയാൽ സർക്കാർ ഉദ്യോഗസ്ഥനായിരിക്കെ യശ്പാൽകപൂർ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പുഫലം അനുകൂലമാക്കാൻ വേണ്ടി പ്രവർത്തിച്ചു എന്നതു ശരിയായിരിക്കണം.

പക്ഷെ, സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് തന്നെ രാഷ്ട്രീയ പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കണമെന്ന ആവശ്യത്തിനു ഇന്നു ശക്തി കൂടി വരികയാണ്. കേരളത്തിൽ ശങ്കരനാരായണൻ തമ്പി കമ്മററി ശുപാർശചെയ്തത് സർക്കാർഉദ്യോഗസ്ഥൻമാർക്ക് രാഷ്ട്രീയപ്രവർത്തന സ്വാതന്ത്ര്യം വേണമെന്നാണ്. എന്നു തന്നെയല്ല, വ്യവസായതൊഴിലാളികളെക്കാൾ കൂടുതൽ ഇന്നും രാഷ്ട്രീയപ്രവർത്തനരംഗത്ത് ഇവിടെയുള്ളത് സർക്കാർശമ്പളം പററുന്നഅദ്ധ്യാപകരും എൻ. ജി. ഒ. മാരും മററുമാണെന്നതാണ് പരമാർത്ഥം. കേരളത്തിലെ എൻ. ജി. ഒ. യൂണിയൻ മാർക്സിസ്ററ്പാർട്ടിയുടെ നിയന്ത്രണത്തിലാണു പ്രവർത്തിക്കുന്നതെന്ന് ആർക്കാണു അറിഞ്ഞുകൂടാത്തത്. എൻ. ജി. ഒ. യൂണിയൻനേതാവു് പത്മനാഭൻ

(ശേഷം 13-ാം പേജിൽ)

# സത്യമില്ലാത്ത സമത്വവും സ്വാതന്ത്ര്യവും

എസ്സ്. കെ. മാധവൻ

സർവ്വകലാശാലാതലത്തിൽ മലയാളം അദ്ധ്യയന മാധ്യമ മാക്കുന്നതിനെതിരെ മാതൃഭൂമി മുഖപ്രസംഗമെഴുതിയിരിക്കുന്നു. (11–6–75) മലയാളം അദ്ധ്യയനമാധ്യമമാക്കാൻ സർവ്വകലാശാലകൾ തീരുമാനിച്ചിട്ടില്ല. അടുത്തെങ്ങും തീരുമാനിക്കുന്ന ലക്ഷണവുമില്ല. എന്നിട്ടും 'കാള പെററു എന്നു കേട്ട ഉടനെ കയറെടുത്തോടിയമാതിരി മാതൃഭൂമി ഒരു മുഖപ്രസംഗവുമായി ഇറങ്ങിയിരിക്കുകയാണ്. "സ്ക്കൂളുകൾ തുറക്കുന്നു. കോളേജുകൾ തുറക്കാൻ പോകുന്നു. മീഡിയത്തെപ്പററി ചിന്തിക്കാനുള്ള അവസരമാണിത്." എന്നാണ് മാതൃഭമി പറയുന്ന ന്യായം. ഒരുപക്ഷേ കോളേജുകൾ തുറക്കുമ്പോൾ തന്നെ മാധ്യമം മലയാളമായേക്കുമോ എന്നു ഭയന്നു് ആ അത്യാപത്ത് ഒഴിവാക്കാൻ വേണ്ടി എഴുതിയ മട്ടിലാണ് മുഖപ്രസംഗം. സത്യം, സമത്വം, സ്വാതന്ത്ര്യം എന്നെഴുതിയതിനു നേരെ താഴെ ഇത്രയേറെ സത്യവിരുദ്ധവും സമത്വ–സ്വാതന്ത്ര്യ സിദ്ധാന്തങ്ങൾക്കെതിരായിട്ടുള്ളതുമായ ഒരു മുഖപ്രസംഗം–അതും വികാരപരമായി ആവേശത്തള്ളിച്ചയോടെ പ്രസിദ്ധീകരിച്ചിരിക്കുന്നു. മലയാളം അദ്ധ്യയനമാധ്യമം ആക്കണം എന്നു് വാദിക്കുന്ന ഒരു ശത്രുവിനെ സ്വന്തം മുമ്പിൽ കണ്ടാലെന്നപോലെ അത്രയും വീര്യവും വാശിയും പ്രകടമായിട്ടുണ്ടു് ഈ മുഖപ്രസംഗത്തിൽ.

മാതൃഭൂമിയുടെ വാദങ്ങളെ ഓരോന്നായി പരിശോധിക്കാം. "ഇപ്പോഴത്തെ സ്ക്കൂൾ ഫൈനൽ പരീക്ഷാഫലം വെച്ചുനോക്കിയാൽ ജയിച്ചവർ ഭൂരിഭാഗവും ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചവരാണെന്നു് ബോധ്യമാവും. മലയാളത്തിൽ പഠിച്ചു് ക്ലാസ് വാങ്ങിയ 'അൽഭുതങ്ങൾ' വിരലിൽ എണ്ണാം. റാങ്കുകാർ ഏഴിൽ ആറും മീഡിയമായി ഇംഗ്ലീഷ് എടുത്തവർ തന്നെ.

ഇതാണ് ഹൈസ്ക്കൂളുകളിലെ കഥ എന്നിരിക്കെ ഹിതം പരിശോധിച്ച് സർവ്വകലാശാലയിൽ 85 ശതമാനത്തിനു് ഇംഗ്ലീഷ് വേണമെന്നിരിക്കെ ഏതു സർവ്വാധിപതിക്കാണ് ഇംഗ്ലീഷ് നിഷേധിക്കാനുള്ള അവകാശം. (മാതൃഭമി മുഖപ്രസംഗം 11–6–75)

ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷ ജയിച്ചവരിൽ ഭൂരിഭാഗവും ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചവരാണെന്ന മാതൃഭൂമിയുടെ വാദം തെററാണ്. 82, 644 പേരാണ് ഇത്തവണ പാസായത. ഇവരിൽ 99 ശതമാനവും മലയാളം മീഡിയത്തിൽ പഠിച്ച് ജയിച്ചവർ തന്നെയാണ്. സംസ്ഥാനത്തൊട്ടാകെ ഇംഗ്ലീഷ് മീഡിയത്തിൽപഠിച്ച കുട്ടികളുടെ എണ്ണം തന്നെ വളരെ തുച്ഛമാണ്. എന്നിട്ടു് വേണ്ടേ 82 644 പേർ പാസാകാൻ. എന്നു് മാത്രമല്ല സ്ഥിതി വിവരകണക്കുകൾ മുഴുവൻ മാതൃഭൂമിക്കും ഇംഗ്ലീഷിനും എതിരാണ്. "പതിവുപോലെ ഏററവും കൂടുതൽ കുട്ടികൾ പരാജയപ്പെട്ടത് ഇംഗ്ലീഷിലാണ്." (മാതൃഭമി 75 മെയ് 23) അതായത് ഇംഗ്ലീഷ് എന്ന ഒരു വിഷയം ഒഴിവാക്കിയാൽ ഇപ്പോൾ തോററവരിൽ ഭൂരിഭാഗവും പാസാകുമെന്നർത്ഥം. അപ്പോൾ വിജയശതമാനം 50 ൽ മേലെ ആവുകയും ചെയ്യും. അപ്പോൾ ഇംഗ്ലീഷ് ഭൂരിപക്ഷം കുട്ടികളെജയിപ്പിക്കുന്നു എന്ന മാതൃഭമിയുടെ വാദം വാസ്തവ വിരുദ്ധമാണ്. ഇംഗ്ലീഷ് മഹാഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികളെ പരാജയപ്പെടുത്തുന്നു എന്നതാണ് സത്യം.

മലയാളത്തിൽ പഠിച്ച് ക്ലാസ് വാങ്ങിയ 'അൽഭുതങ്ങൾ' വിരലിൽ എണ്ണാം എന്നാണ് മാതൃഭൂമി പറയുന്നത്. ഈ വർഷം ക്ലാസ് വാങ്ങി ജയിച്ചത് 7838 പേരാണ്. ഇവരിൽ വിരലിൽ എണ്ണാവുന്നവരേ മലയാളം മീഡിയത്തിൽ എഴുതി ജയിച്ചവരുള്ളു എന്നാണ് വാദം. എന്തൊരു വിഡ്ഢിത്തം! ഒട്ടാകെ ഇംഗ്ലീഷ്മീഡിയത്തിൽ എഴുതിയവരുടെ എണ്ണം ഇതിന്റെ പത്തിലൊന്നു പേർ വരുമെന്നു് തോന്നുന്നില്ല. ക്ലാസ് വാങ്ങിയവരിലും 90 ശതമാനവും മലയാളം മീഡിയത്തിൽ പഠിച്ചവരാണെന്നു് കാണാം.

റാങ്കുകാർ ഏഴിൽ ആറും ഇംഗ്ലീഷ് മീഡിയം കാരാണത്രേ! ആയിരിക്കാം. പക്ഷേ അത് ഇംഗ്ലീഷിന്റെ ഗുണമാണെന്നു് മാത്രം സമ്മതിക്കാൻ പററില്ല. ഒന്നാം റാങ്കു നേടിയ റോഷൻ തോമസ് പറയുന്നത് 'അച്ഛനും അമ്മക്കും അദ്ധ്യാപകർക്കും എന്റെ പ്രശസ്ത വിജയത്തിനു് പാശ്ചാത്തലമൊരുക്കിയതിൽ പങ്കുണ്ടെ'ന്നാണ് (മാതൃഭമി 75 മെയ് 24). അങ്ങിനെ പല പാശ്ചാത്തലങ്ങളുമുള്ളവർ റാങ്കുകാരായി എന്നു ധരിച്ചാൽ മതി. വിദ്യാഭ്യാസവും പണവുമുള്ള രക്ഷിതാക്കൾ, ആധുനിക സൗകര്യമുള്ള വീട്, ഗർഭത്തിലിരിക്കുന്ന കാലം മുതലുള്ള പോഷകാഹാരങ്ങൾ, നല്ല വിദ്യാലയം, ചുരുങ്ങിയ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, ലൈബ്രറി, പത്രം, സിനിമ തുടങ്ങിയ വിജ്ഞാനാർജ്ജനങ്ങളായ സൗകര്യങ്ങൾ, വീട്ടിൽ പ്രത്യേകം ട്യൂഷൻ തുടങ്ങിയ ഒരു പാടു് 'പാശ്ചത്തലങ്ങളാണ്', ക്ലാസുകാരേയും റാങ്കുകാരേയും സൃഷ്ടിക്കുന്നത്. കട്ടൻകാപ്പിയും കപ്പയും കഴിച്ചു് അർദ്ധനഗ്നനായി പാടത്ത് ചെളിയിൽ പണിയെടുക്കുന്ന കർഷക തൊഴിലാളിയുടെ മകനു് നിങ്ങൾ നടത്തുന്ന ഈ പരീക്ഷയിൽ റാങ്കുകിട്ടാൻ വളരെ ബുദ്ധിമുട്ടാണ്. അവിടെ രക്ഷിതാക്കൾക്ക് എഴുത്തും വായനയും അറിഞ്ഞുകൂട. വായിക്കാൻ വൈദ്യുത വിളക്കു് പോയിട്ടു് ഒരു നല്ല മണ്ണെണ്ണ വിളക്കു പോലുമുണ്ടാവില്ല. പോഷകാഹാരങ്ങൾ കഴിച്ചു് തലച്ചോറിനു് വികാസമുണ്ടാക്കാനുള്ള സാഹചര്യവും അവനില്ല. കട്ടൻ കാപ്പിയും കപ്പയും കഴിച്ചാലായി. അവിടെ ട്യൂഷൻ മാസ്ററരില്ല. ഹൃദയ വിശാലത നേടാനോ വിജ്ഞാനം ആർജ്ജ ജക്കാനോ യാതൊരു സൗകര്യവുമില്ല. റാങ്കുനേടിയവരുടെ വീട്ടിലുള്ള കന്നുകാലിത്തൊഴുത്തായിരിക്കും അവൻ പഠിക്കുന്ന വിദ്യാലയത്തെക്കാൾ മെച്ചം. ക്ലാസിൽ 50 ഉം 60 ഉം കുട്ടികളും കാണും. എയർകണ്ടീഷൻ റൂമിലിരുന്നു മുഖപ്രസംഗമെഴുതുന്ന നിങ്ങൾക്കു് ഈ നാടനെപ്പററി ഒരു ചുക്കുമറിഞ്ഞുകൂട. എന്നിട്ടു് ഉപരിതലത്തിലുള്ള വിരലിലെണ്ണാവുന്നവരെ നോക്കി നിങ്ങൾപറയുന്നു, ഇംഗ്ലീഷ് മീഡിയം വേണമെന്നു്.

നൂറുശതമാനം റിസൽട്ട് വാങ്ങിയ സ്കൂളുകളെപ്പററി മാതൃഭൂമി ലേഖകൻ പറയുന്നതു നോക്കുക. സ്റേററിലെ 9 സ്കൂളുകളിൽ 100 ശതമാനം വിദ്യാർത്ഥികൾ പാസായിട്ടുണ്ട്. എന്നാൽ മെററടിസ്ഥാനത്തിൽ കുട്ടികളെ ചേർത്തുവരുന്ന ഈ സ്കൂളുകളിൽ താരതമ്യേന

വിദ്യാർത്ഥികളുടെ എണ്ണം പരിമിതമായിരുന്നു എന്നും കാണാവുന്നതാണ്. (മാതൃഭൂമി മെയ് 24)

കോഴിക്കോട് സർവ്വകലാശാലയിൽ നടന്ന ഒരു ഹിതപരിശോധനയിൽ നൂറിന് 85 പേർക്കും മലയാളം മീഡിയമാകുന്നത് സമ്മതമല്ലത്രെ. അതുകൊണ്ട് ഏതു സർവ്വാധിപതിക്കാണ് ഇംഗ്ലീഷ് നിഷേധിക്കുവാനുള്ള അവകാശം എന്നാണ് മാതൃഭൂമി ചോദിക്കുന്നത്. വളരെ വിചിത്രമായ ഒരു വാദം തന്നെയാണത്. ആശുപത്രിയിലുള്ള രോഗികളെയെല്ലാം വിളിച്ചുകൂട്ടി ഒരു ഹിതപരിശോധന നടത്തിയാൽ ഒരു പക്ഷെ നൂറിന് 90 പേരും മരുന്നുവേണ്ട, ശരീരം കീറിമുറിക്കരുത് എന്നൊക്കെ അഭിപ്രായപ്പെടും. അങ്ങിനെവന്നാൽ ചികിൽസ എടുത്തുകളയണമെന്ന് മാതൃഭൂമി മുഖപ്രസംഗം എഴുതേണ്ടിവരുമല്ലോ. സമൂഹത്തെക്കുറിച്ചോ സ്വന്തം ഭാവിയെപ്പററി പോലുമോ ഒന്നും അറിഞ്ഞുകൂടാത്ത കോളേജ് വിദ്യാർത്ഥികളാണോ മീഡിയം തീരുമാനിക്കേണ്ടത്? ഇംഗ്ലീഷിൽ പഠിച്ച് ഇംഗ്ലീഷിൽ പഠിപ്പിച്ച് മലയാളം സംസാരിക്കുന്നത് തന്നെ ഒരുതരം 'ഹാം' ആയി കരുതുന്ന അദ്ധ്യാപകർ ഏതെങ്കിലും കാലത്ത് മലയാളം മീഡിയമാക്കാൻ സമ്മതിക്കുമോ? സമൂഹത്തെ ഒട്ടാകെ ബാധിക്കുന്ന ദൂരവ്യാപകമായ ഫലമുളവാക്കുന്ന നയപരമായ ഒരു പ്രധാന പ്രശ്നം തീരുമാനിക്കേണ്ടത് ഒരു ന്യൂനപക്ഷത്തിൻെറ ഹിതപരിശോധനാ ഫലം നോക്കിയാണോ? 1966ൽ കോത്താരി കമ്മീഷൻ പ്രാദേശിക ഭാഷകൾ ബോധനമാധ്യമമാക്കണമെന്ന് ശുപാർശ ചെയ്തതാണല്ലോ. 1967ൽചേർന്ന സർവ്വകലാശാലാവൈസ്ചാൻസലർമാരുടെ കോൺഫറൻസ് ഈ ശുപാർശ അംഗീകരിച്ചതുമാണ്. വിദ്യാഭ്യാസ കമ്മീഷനും ഭൂരിപക്ഷം സർവ്വകലാശാല വൈസ് ചാൻസലർമാരും അംഗീകരിച്ച ഒരു കാര്യം കോഴിക്കോട് സർവ്വകലാശാലയിലെ കുറെപ്പേർ എതിർത്തെന്നു വെച്ച് നടപ്പാക്കാതിരിക്കണമെന്ന് വാദിക്കുന്നത് എന്തിൻെറ കേടാണെന്ന് മനസ്സിലാകുന്നില്ല.

"ചില സർവ്വാധിപത്യരാജ്യങ്ങളിൽ എന്തൊക്കെയോ ചിലത് നടന്നതിനെപ്പററി ഭ്രമിച്ചു ഭ്രമിച്ച് ഉൻമത്താവസ്ഥയിലേക്ക് നീങ്ങുന്നവർ മനസ്സിലാക്കണം അത് ഇവിടെ നടപ്പില്ലെന്ന്. ഇവിടെ വല്ലതും നടക്കണമെങ്കിൽ ജനങ്ങളെ പഠിച്ചും പാകപ്പെടുത്തിയും പോകണം. അതിന് ജനങ്ങളെ പഠിക്കണം. ആരോടാണാവോ മാതൃഭൂമി ഇവിടെ രോഷംകൊള്ളുന്നത്? ഇപ്പോൾകോൺഗ്രസിൻെറ കൂടെയുള്ള സി പി.ഐക്കാരോടാണോ? വേണ്ടത്ര ധൈര്യത്തോടെയില്ലെങ്കിലും, എന്താണു ചെയ്യേണ്ടതെന്ന ആശയവ്യക്തതയില്ലെങ്കിലും മലയാളത്തിനുവേണ്ടി ഒരു ദുർബ്ബലൻെറമട്ടിൽ ഇടക്കെല്ലാം സംസാരിക്കാറുള്ള, ഏററവും നല്ല മുഖ്യമന്ത്രിയെന്ന് മതൃഭൂമിതന്നെ സർട്ടിഫിക്കററ് നൽകിയ 'അച്യുതമേനോനോടാണോ' ദേഷ്യം? കോത്താരി കമ്മീഷനംഗങ്ങളോ ഭൂരിപക്ഷം സർവകലാശാലാവൈസ് ചാൻസലർമാരോ ജനങ്ങളെ പഠിച്ചവരല്ലെന്നും കോഴിക്കോട്ടു സർവ്വകലാശാലയിലെ ഹിതപരിശോധനയിൽ പങ്കെടുത്ത 85 ശതമാനം പേർ ജനങ്ങളെപഠിച്ചവരാണെന്നും ആണ് വാദം. പക്ഷെ മാതൃഭൂമിയോട് ഒരു ചോദ്യം ചോദിക്കട്ടെ. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ജനങ്ങളെ പഠിച്ചിട്ടില്ലെന്ന് നിങ്ങൾ പറയുമോ? ഗാന്ധിജിക്കു് ഇക്കാര്യത്തിലുള്ള വീക്ഷണം മാതൃഭൂമിക്കറിയില്ലെന്നോ? അദ്ധ്യയനമാധ്യമവും ഭരണഭാഷയും മാതൃഭാഷയായിരിക്കണമെന്ന് 1917മുതൽ ഗാന്ധിജി വാദിച്ചു പോന്നിട്ടുണ്ട്. കോൺഗ്രസ് നേതാവാകുന്നതിന് മുമ്പ് ഗാന്ധിജിക്കുണ്ടായിരുന്ന അഭിപ്രായമാണ് പിന്നീട് ഗാന്ധിജി കോൺഗ്രസ് നേതാവായപ്പോൾ കോൺഗ്രസിൻെറയും പിൽക്കാലത്ത് ഭാരതത്തിൻെറയും നയമായിമാറിയത്. മാതൃഭാഷ അദ്ധ്യയന മാധ്യമമാക്കുന്നതിനെപ്പററി ഗാന്ധിജി ഇങ്ങനെ എഴുതി.

'ഈ നിർദ്ദേശം ഇപ്പോൾ അൽപ്പം പരിഹാസ്യമായിത്തോന്നുന്നുണ്ടെങ്കിൽ എനിക്ക് നിങ്ങളോട് മാപ്പപേക്ഷിക്കാനും മിക്കനല്ലനിർദ്ദേശങ്ങളും ആദ്യം പരിഹാസമായിതോന്നാറുണ്ടെന്ന് പറയാനും മാത്രമേ കഴിയൂ. നാടിൻെറ ഭാവിയെ സംബന്ധിച്ചിടത്തോളം ദൂരവ്യാപകമായ ഫലങ്ങൾ നിറഞ്ഞതാണ് എൻെറ നിർദ്ദേശമെന്ന് ഞാൻകാണുന്നു. മാതൃഭാഷക്ക് അതിൻെറ മുഴുവൻ വിലയുംകിട്ടുകയും അതു സംസ്ഥാനഭാഷയായിഅംഗീകരിക്കപ്പെടുകയും ചെയ്യുമ്പോൾ നാം സ്വപ്നം കാണുകപോലും ചെയ്തിട്ടില്ലാത്ത വമ്പിച്ച ശക്തികൾ അതിനുണ്ടെന്ന് നാം കണ്ടെത്തും.... ഈ അത്യാവശ്യമായ മാററം വരുത്തുന്നതിൽ നേരിടുന്ന ഓരോ ദിവസത്തെ താമസവും രാഷ്ട്രത്തിന് തത്തുല്യമായ സാംസ്കാരികനഷ്ടമാണ്. സമ്പന്നങ്ങളായ സംസ്ഥാനീയ ഭാഷകൾ കൊണ്ട് അനുഗൃഹീതയാണ് ഭാരതം. അവയെ പുനരുദ്ധരിക്കയാണ് പ്രഥമവും പ്രധാനവുമായി ചെയ്യേണ്ടകാര്യം. നമ്മുടെകോടതികളിലും നമ്മുടെ വിദ്യാലയങ്ങളിലും സർക്കാർ കച്ചേരികളിലും ഈ മാററം നടപ്പാക്കുന്നതിന് കുറച്ചുസമയം ഏതാനും കൊല്ലം വേണ്ടിവരുമെന്ന് പറയുന്നതു ബുദ്ധിമാന്ദ്യത്തിൽ കുറഞ്ഞ ഒന്നുമല്ല.' (ഗാന്ധിസാഹിത്യം ഭാഗം 5 പേജ് 301–302) ഗാന്ധിജിയുടെ ഈ അഭിപ്രായത്തെക്കുറിച്ച് മാതൃഭൂമിക്കെന്തുപറയാനുണ്ട്?

"ഇംഗ്ലീഷുകാരനായ അപഹർത്താവിൻെറ രാഷ്ട്രീയ ഭരണത്തെ നാം വിജയപൂർവ്വം ബഹിഷ്കരിച്ചതുപോലെ ഇംഗ്ലീഷ് ഭാഷയേയും ബഹിഷ്കരിക്കണമെന്നാണ് എൻെറവാദം എന്നു് ഗാന്ധിജി 1948ൽപോലും തറപ്പിച്ചുപറഞ്ഞു. (ഗാന്ധിസാഹിത്യം പേജ് 302) ഏതെങ്കിലും സർവാധിപത്യരാജ്യങ്ങളിൽ എന്തൊക്കെയോ ചിലതു് കണ്ട് ഭ്രമിച്ചാണ് ഗാന്ധിജി ഇങ്ങനെ അഭിപ്രായപ്പെട്ടതെന്ന് മാതൃഭൂമിക്കു വാദമുണ്ടോ? ഉൻമത്താവസ്ഥ ആർക്കാണെന്നു മാത്രമേ ഇത്തരം മുഖപ്രസംഗങ്ങൾ വായിക്കുമ്പോൾ വായനക്കാർ സംശയിക്കൂ.

"മലയാളത്തിൽ കൂടെ വിശ്വത്തിലെ വിജ്ഞാനമെല്ലാം പകർന്നു കൊടുക്കന്നതു നന്നെന്ന് ഞങ്ങൾക്കഭിപ്രായമുണ്ട് ...... . . ......
എന്നാൽ ജനങ്ങൾക്കുകൂടി അതിനൊരു താൽപര്യമുണ്ടായിരിക്കണമല്ലോ,' എന്നാണ് മാതൃഭൂമി വിലപിക്കുന്നത്. ആരാണാവോ ഈ ജനങ്ങൾ. ഇംഗ്ലീഷറിയാവുന്ന–അഭ്യസ്ഥവിദ്യർ എന്ന ഓമനപേരിൽ അറിയപ്പെടുന്നവർ തന്നെയല്ലേ? എഴുത്തും വായനയും അറിഞ്ഞുകൂടാത്ത

(ശേഷം 11-ാം പേജിൽ)

(12-ാംപേജിൽ നിന്നും തുടർച്ച)

ൾക്ക് കാര്യമായി സ്ഥാനാർത്ഥിത്വമൊന്നും കിട്ടിയില്ല. അവർ സ്ഥാനമോഹത്താൽ തമ്മിൽ തല്ലി രണ്ട് ചേരിയായി, ഇരുപക്ഷത്തും ചേരുകയും ചെയ്തു.

പ്രചരണ കോലാഹലമാണ് അടുത്ത രംഗത്തിൽ കണ്ടത്. പ്രധാനമന്ത്രി ഇന്ദിര പതിനൊന്നു ദിവസം ഗുജറാത്തിൽ പര്യടനം നടത്തി. വാഗ്ദാനങ്ങൾ വന്നു. ഉത്തർപ്രദേശിൽ നടന്ന തെരഞ്ഞെടുപ്പിനു മുമ്പ് ഉണ്ടായതുപോലെ തറക്കല്ലിടലുകളും നടക്കുകയുണ്ടായി. സിനിമാ പ്രദർശനമാണ് കോൺഗ്രസുകാർ പ്രചരണത്തിനു സ്വീകരിച്ച ഒരു അടവ്. കോട്ടയത്ത് നടന്ന ഐ. എൻ ടി. യു സി. സമ്മേളനത്തിൽ ഇന്ദിര പങ്കെടുത്ത റാലിയുടെ ചിത്രം ഉൾപ്പടെ ഗുജറാത്തിൽ പ്രചരണത്തിനു ഉപയോഗിച്ചിട്ടുണ്ടെന്നാണ് അറിവ്. ചിലച്ചിത്രങ്ങൾ പ്രതിപക്ഷ നേതാക്കളെ ആഭാസകരമായി വിമർശിക്കുന്നതായിരുന്നു.

പ്രധാനമന്ത്രിയും ജഗജീവൻറാമും പങ്കെടുത്ത ചില പൊതുയോഗങ്ങളിൽ നിസാരമായ ബഹളവും കല്ലേറും നടന്നു. ജനതാ മുന്നണി നേതാക്കൾ ഓടിയെത്തി ക്ഷമാപണം ചെയ്തു. കൽക്കത്തയിൽ ജയപ്രകാശിനെതിരെ നടന്ന കയ്യേറ്റത്തിൽ ഇന്ദിരയോ കോൺഗ്രസ് നേതാക്കളോ ഖേദം പോലും പ്രകടിപ്പിച്ചിരുന്നില്ലെന്നു ഓർക്കണം. ഒരു തെരഞ്ഞെടുപ്പ് യോഗത്തിൽ ആളുകൾ കുറച്ചു ബഹളമുണ്ടാക്കിയതിൽ അത്രയും ക്ഷോഭിക്കേണ്ട ആവശ്യവുമില്ല. തെരഞ്ഞെടുപ്പല്ലായിരുന്നുവെങ്കിൽ ഇന്ദിരയുടെ യോഗത്തിൽ ബഹളമുണ്ടായപ്പോൾ പോലീസ് ലാത്തി ചാർജ് ചെയ്തു നൂറു കണക്കിനു ആളുകളെ ആസ്പത്രിയിൽ എത്തിക്കുമായിരുന്നു എന്നു തീർച്ചയാണ്. ഇന്നു കാണിക്കുന്ന അത്യവശ്യമായ രക്ഷാ ഏർപ്പാടുകളും ബന്തവസും മററും ഒഴിവാക്കിയാലും വലിയ കുഴപ്പമൊന്നും ഉണ്ടാകാനില്ലെന്നാണ് ഗുജറാത്തിലെ കോൺഗ്രസ് തെരഞ്ഞെടുപ്പ് യോഗങ്ങളിൽ നിന്നു മനസിലാക്കുന്നത്.

പ്രധാനമന്ത്രി പ്രസംഗിച്ച യോഗങ്ങളിലായിരുന്നു താരതമ്യേന കൂടുതൽ ആൾക്കൂട്ടം എന്നായിരുന്നു റിപ്പോർട്ട്. ഇതു കൊണ്ട് പരിഭ്രമിച്ചിട്ടായിരിക്കണം ജനതാ മുന്നണിക്കാർ ജയപ്രകാശ് നാരായണനെ രംഗത്തിറക്കിയത്. ജയപ്രകാശിനും യോഗങ്ങളിലേയ്ക്ക് ആളുകളെ ആകർഷിക്കുവാൻ കഴിഞ്ഞു. പുറമേനിന്നു നേതാക്കളുടെ പ്രവാഹം നടന്നപ്പോൾ ചിമൻഭായ്ക്ക് ഒററയ്ക്കു തന്നെ പൊരുതേണ്ടി വന്നു. സാധാരണ ജനങ്ങൾ ഈ തെരഞ്ഞെടുപ്പ് യുദ്ധത്തിൽ വലിയ താല്പര്യമൊന്നു പ്രകടിപ്പിച്ചില്ല. പത്രങ്ങൾ പ്രത്യേകലേഖകൻമാരെ അയച്ചു റിപ്പോർട്ടുകൾ എഴുതിച്ചു.

ഗുജറാത്ത് തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള പത്രറിപ്പോർട്ടുകൾ നമ്മുടെ പത്രലേഖകരുടെ പ്രാപ്തിയില്ലായ്മക്കു നല്ല തെളിവാണ്. മിക്ക പത്രലേഖകരും റിപ്പോർട്ട് ചെയ്തത് കോൺഗ്രസ്സിനു ഒരു നിസ്സാര ഭൂരിപക്ഷത്തോടെ വിജയിക്കാനാകുമെന്നാണ്. ഗുജറാത്ത് ഗവർണ്ണർ കെ.കെ വിശ്വനാഥൻ അങ്ങിനെ കേന്ദ്രനേതൃത്വത്തെ അറിയിച്ചിരുന്നതായും പറയുന്നുണ്ട്. എന്തുകൊണ്ട് കോൺഗ്രസ്സിനു ഭൂരിപക്ഷം നേടാൻ കഴിയുമെന്നു ഒരു പത്രലേഖകനും വ്യക്തമാക്കിയിരുന്നില്ല. ബീഹാർ പ്രക്ഷോഭണത്തിന്റെ പശ്ചാത്തലത്തിൽ ആണ് ഗുജറാത്ത് തെരഞ്ഞെടുപ്പ് നടന്നത്. മൊറാർജിയുടെ നിരാഹാര സത്യാഗ്രഹത്തിന്റെ വിജയകരമായ പരിസമാപ്തി പ്രതിപക്ഷത്തിനു പ്രത്യേകിച്ച് സംഘടനാ കോൺഗ്രസ്സിനും യശസ്സ് വർദ്ധിപ്പിച്ചിരുന്നു. 1972ൽ ഗുജറാത്തിൽ നടന്ന തെരഞ്ഞെടുപ്പിനു ശേഷം കോൺഗ്രസ്സിൽ നിന്ന് ചിമൻഭായ് പട്ടേലിന്റെ നേതൃത്വത്തിലുള്ള പ്രബല വിഭാഗം വേർപെട്ടുപോയിട്ടുമുണ്ടായിരുന്നു. എല്ലാററിനുമുപരി പ്രമുഖ പ്രതിപക്ഷകക്ഷികൾ ഒന്നിച്ചുനിന്നാണു തെരഞ്ഞെടുപ്പിൽ മൽസരിച്ചത്. ഈ സാഹചര്യങ്ങൾ എല്ലാം പ്രതിപക്ഷത്തിന് ഗുണകരമായിരുന്നിട്ടും കോൺഗ്രസ്സിനു നേരിയ ഭൂരിപക്ഷം കിട്ടുമെന്നു പത്രങ്ങൾ കണക്കാക്കിയതിന്റെ കാരണം?

നിലവിലുള്ള ഭരണാധികാരികളെ ചുററിപ്പററിനിന്നു അവരുടെ പ്രചരണം നടത്തുന്നവരാണ് മിക്കപത്രലേഖകരും പത്രങ്ങളും. സ്വതന്ത്രമായ വിവേചനാശക്തിയോടുകൂടി കാര്യങ്ങൾ വിലയിരുത്താൻ അവർക്ക് കഴിയുന്നില്ല. തെരഞ്ഞെടുപ്പുഫലങ്ങൾ കൃത്യമായി എപ്പോഴും പ്രവചിക്കാൻ കഴിയണമെന്നല്ലാ പറയുന്നത്. ഗാലപ്പ്പോൾ വഴിയായി പോലും കൃത്യമായ ഫലപ്രഖ്യാപനം സാദ്ധ്യമല്ല. കഴിഞ്ഞതിന്റെ മുമ്പ് (കഴിഞ്ഞ തെരഞ്ഞെടുപ്പല്ല) ബ്രിട്ടനിൽ നടന്ന തെരഞ്ഞെടുപ്പിൽ ലേബർകക്ഷി ഭൂരിപക്ഷം നേടുമെന്നു നടത്തിയ പ്രവചനങ്ങൾ അമ്പേ പരാജയപ്പെട്ടിരുന്നുവല്ലോ. പക്ഷെ, പ്രധാനമന്ത്രിയുടെ യോഗത്തിലെ ആൾക്കൂട്ടം മാത്രം നോക്കി കാര്യം നിശ്ചയിച്ച് കോൺഗ്രസ്സിനു അനുകൂലമായ ഏതെങ്കിലും സാഹചര്യമുണ്ടെന്നു ചൂണ്ടിക്കാണിക്കാതെ ലേഖകൻമാർ നടത്തിയ പ്രവചനങ്ങൾ പരിഹാസ്യമാണ് ആർക്കും. ഭൂരിപക്ഷമില്ലാതെ ചിമൻഭായ് പട്ടേലിന്റെ കെ. എം. എൽ. പി. നിർണ്ണായകസ്ഥാനത്ത് എത്താനിടയുണ്ടെന്ന് ഒരു പത്രലേഖകനും ഊഹിക്കുകപോലും ചെയ്തില്ലാ എന്നു മാത്രമല്ലാ, ചിമൻഭായ് പട്ടേൽ പരാജയപ്പെടുമെന്നും ആരും കരുതിയില്ല.

തെരഞ്ഞെടുപ്പ് ഫലം പുറത്ത് വന്ന ശേഷം വസ്തുനിഷ്ഠമായി വിലയിരുത്തുമ്പോൾ അത്ഭുതമൊന്നും സംഭവിച്ചിട്ടില്ലെന്നും കാണാം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 140 സ്ഥാനം നേടിയ കോൺഗ്രസിനു അന്നു ലഭിച്ചത് 50. 93 ശതമാനം വോട്ടാണ്. കഴിഞ്ഞ തവണ പോലും 50 ശതമാനത്തിലധികം വോട്ടു ലഭിച്ച ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നായിരുന്നു ഗുജറാത്ത്. ഇത്തവണ കോൺഗ്രസിനു ലഭിച്ചത് 75 സീററും 40. 79 ശതമാനം വോട്ടുമാണ് കോൺഗ്രസിൽ നിന്നു ഭിന്നിച്ചു പോയ ചിമൻഭായ് പട്ടേലിന്റെ കെ. എം. എൽ. പിക്ക് 11. 08 ശതമാനം വോട്ടും 12 സീററും കിട്ടി.

സംഘടനാ കോൺഗ്രസിനും ജനസംഘത്തിനും ബി. എൽ. ഡി. ക്കും മററും കിട്ടിയ വോട്ടുകൾ ഒന്നിച്ചു ചേർത്താലും ശരി ജനതാമുന്നണിക്ക് വലിയ വി

(11-ാംപേജിൽ നിന്നും തുടർച്ച)

സി. പ്രതിനിധികൾ ഇതിനെ എതിർത്തു. കെ. എസ്. സി. യുടെ നിർബന്ധത്തിനു എസ്. എഫ്. ഐയും ഐ. എസ്. ഒ. യും വഴങ്ങുകയും ഈ ആവശ്യം ഉന്നയിക്കേണ്ടതില്ലെന്നു തീരുമാനിക്കുകയും ചെയ്തു.

അതുപോലെതന്നെ കർഷകതൊഴിലാളി നിയമം തൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ടു നടപ്പിലാക്കണമെന്ന് വിദ്യാർത്ഥികൾ ആവശ്യപ്പെടണമെന്നും അതിനുവേണ്ടി സമരം ചെയ്യണമെന്നും പരിവർത്തനവാദി വിദ്യാർത്ഥി സംഘം നിർദ്ദേശിച്ചു. ഈ ആവശ്യവും കെ. എസ്. സി. യുടെ നിർബന്ധം കാരണം എസ്. എഫ്. ഐ ഉൾപ്പെടെയുള്ള സംഘടനകൾ അംഗീകരിച്ചില്ല. ഇക്കാരണത്താലാണ് പരിവർത്തനവാദി വിദ്യാർത്ഥി സംഘം, ജൂലൈ ഒന്നാം തീയതി മുതൽ പ്രതിപക്ഷ വിദ്യാർത്ഥി സമര സമിതി നടത്തുന്ന സമരത്തിൽ പങ്കെടുക്കേണ്ടതില്ലെന്നു നിശ്ചയിച്ചത്. എം. എസ്. എഫ്. എൻ. എസ്. ഒ. എന്നീ സംഘടനകൾ യോഗത്തിൽ സംബന്ധിച്ചിരുന്നില്ല.

രാഷ്ട്രീയാവശ്യങ്ങൾക്കു വേണ്ടി വിദ്യാർത്ഥികൾ പ്രക്ഷോഭണം നടത്തണമെന്ന് പരിവർത്തനവാദി വിദ്യാർത്ഥി സംഘത്തിനഭിപ്രായമുണ്ട്. കർഷക തൊഴിലാളികളെപ്പോലെ അദ്ധ്വാനിക്കുന്ന ഗ്രാമീണ ജനതയിലേയ്ക്ക് രാഷ്ട്രീയത്തെ ഇറക്കിക്കൊണ്ടുവരുന്നതിന് വിദ്യാർത്ഥികൾക്ക് അടിയന്തിര ചുമതലയുണ്ടെന്നും പരിവർത്തനവാദി വിദ്യാർത്ഥി സംഘം വിശ്വസിക്കുന്നു. ഈ അടിയന്തിര ചുമതല നിർവ്വഹിക്കാതെയുള്ള വിദ്യാർത്ഥി സമരം പരിവർത്തനത്തിനു വേണ്ടിയുള്ള സമരമായിരിക്കുകയില്ല. തെരഞ്ഞെടുപ്പിനു വേണ്ടിയുള്ളസമരമായിരിക്കും.

കഴിഞ്ഞവർഷം കെ. എസ്. യു. ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകൾ ഉന്നയിച്ചവയാണ് ഇപ്പോൾ സമരസമിതി ഉന്നയിക്കുന്ന ആവശ്യങ്ങളും. കഴിഞ്ഞ വർഷം കെ. എസ്. യു. വും. പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകളും സമരം വിജയിച്ചതായി അവകാശപ്പെടുകയും ചെയ്തിട്ടുണ്ട്. ആത്മാർത്ഥതയില്ലാത്ത ഇത്തരം പരിപാടികളിൽ പരിവർത്തനവാദി വിദ്യാർത്ഥി സംഘത്തിനു താൽപര്യമില്ല. പരിവർത്തനവാദികളുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ വിദ്യാർത്ഥികൾ മുന്നോട്ടുവരിക.

എന്ന് ടി. ഡി. ജോർജ്
പരിവർത്തനവാദി വിദ്യാർത്ഥി സംഘം
സംസ്ഥാന പ്രസിഡണ്ട്

## നാൽക്കവലയിൽ വിടരുത്

ഉത്തരായണത്തെപ്പററി 47-ാം ലക്കം 'നിർണ്ണയ'ത്തിൽ പ്രസിദ്ധപ്പെടുത്തിയ 'കാണാപ്പുറ'ത്തിൽ പറഞ്ഞ ചില കാര്യങ്ങളെപ്പററിയാണ് എനിയ്ക്ക് എഴുതുവാനുള്ളത്. ചിത്രത്തിന്റെ അവസാന ഭാഗത്ത് കൃത്രിമത്വം മുഴച്ചു നിൽക്കുന്നു എന്ന മുനിയുടെ അഭിപ്രായം അർത്ഥവത്താണ്. എന്നാൽ സ്നേഹിതൻ നിർദ്ദേശിച്ച അന്ത്യരംഗം വിശദീകരിച്ചുകൊണ്ട് മുനിപറയുന്നു. "രവി എന്ന ചെറിയ മനുഷ്യൻ – ഉത്തരായണത്തിന്റെ സത്യസന്ധമായ അവസാനം മുഖം മൂടിയുടെ കൃത്രിമമായ ഫോമത്തെക്കാൾ നല്ലത് അത് വലിച്ചെറിയണമോ എടുത്തു ധരിക്കണമോ എന്നു ശങ്കിച്ചു നിൽക്കുന്ന രവിയാണ്.

പ്രേക്ഷക ഹൃദയങ്ങളിൽ സമൂഹത്തിന്റെ മാററമില്ലായ്മയിൽ അമർഷം ജനിപ്പിക്കുന്ന സംവിധായകൻ കപടവേഷങ്ങളുടെ മുഖം മൂടികൾ വലിച്ച് മാററിയിട്ട് സമൂഹത്തിൽ നിന്ന് ഒളിച്ചോട്ടം നടത്തുന്ന രവിയെയായിരുന്നില്ല കാഴ്ചവയ്ക്കേണ്ടിയിരുന്നത്. മുഖം മൂടികളെ നശിപ്പിച്ച് കപടവേഷധാരികൾക്ക് നിലനിൽക്കാൻ കഴിയാത്ത തരത്തിലുള്ള സമ്പൽസമൃദ്ധമായ സമൂഹത്തിന്റെ സൃഷ്ടിക്കുവേണ്ടി രാഷ്ട്രീയ പ്രവർത്തനം നടത്താൻ രവിയെ വിടേണ്ടിയിരുന്നു. –അല്ലാതെ നാൽക്കവലയിൽ നിസഹായനായി നോക്കി നില്ക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഇല്ല. രവിയെ പോലെയുള്ള യുവാക്കൾ മുഖം മൂടി വലിച്ചെറിയണമോ എടുത്തു ധരിയ്ക്കണമോ എന്നു് ശങ്കിച്ചു നില്ക്കാൻ ഇന്ന് സമയമില്ല. ഒരു ശങ്കയ്ക്കും ഇടനൽകാതെ ലക്ഷ്യ ബോധത്തോടുകൂടി പ്രവർത്തനം നടത്തുകതന്നെയാണ് വേണ്ടത്. അങ്ങനെയായിരുന്നു എങ്കിൽ മാററത്തിനുവേണ്ടിയുള്ള സമരത്തിൽ തനിയ്ക്കും എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞെന്ന് അരവിന്ദനും ആശ്വസിയ്ക്കാമായിരുന്നു. (സംവിധായകൻ രവിയെ കടത്തിക്കൊണ്ടു പോയ നിരത്തുകളിലെ ചുമരു കളിൽ സ്ഥാനം പിടിച്ചിരുന്ന പരിവർത്തന വാദികളുടെ മുദ്രാവാക്യങ്ങളിൽ അരവിന്ദൻ അൽപമൊന്നു് ശ്രദ്ധിച്ചിരുന്നു എങ്കിൽ ഈ നാട്ടിലെ യുവജനങ്ങളേയും അവരുടെ ചിന്താഗതികളെയും വനത്തിലേയ്ക്ക് വലിച്ചിഴയ്ക്കുവാനും കൃത്രിമത്വം കലർത്തി അവിടെ തളച്ചിടാനും ശ്രമം നടത്താൻ അരവിന്ദൻ ധൈര്യപ്പെടുകില്ലായിരുന്നു.)

ജയ് പരിവർത്തനവാദികൾ
എസ്. പ്രദീപ കുമാർ,
ആലപ്പുഴ ജില്ലാപ്രസിഡൻറ്,
പരിവർത്തനവാദിവിദ്യാർത്ഥി സംഘം.

## എഴുതാപ്പുറം

ജയമുണ്ടായിട്ടുണ്ടെന്നു അവകാശപ്പെടാനവില്ല. ജനതാമുന്നണിക്ക് കോൺഗ്രസിനേക്കാൾ പത്ത് പതിനൊന്ന് സീററുകൾ മാത്രമാണ് കൂടുതൽ ലഭിച്ചത്. ഇത് പ്രതിപക്ഷ കക്ഷികളുടെ ഐക്യം കൊണ്ട് മാത്രം ലഭിച്ചതാണ്. പ്രധാന പ്രതിപക്ഷ കക്ഷികൾ എല്ലാം യോജിച്ചിട്ടും പോൾ ചെയ്തതിന്റെ അമ്പതു ശതമാനത്തിലധികം വോട്ട് ജനതാമുന്നണി നേടിയിട്ടില്ലെന്നത് ശ്രദ്ധേയമാണ്. ജനതാമുന്നണിക്ക് ജനങ്ങളിൽ പുതിയ ആവേശവും ഉണർവും ഉണ്ടാക്കാനോ കോൺഗ്രസ് വിരുദ്ധ ചിന്താശക്തി ഉണ്ടാക്കാനോ ഗുജറാത്തിലെ തെരഞ്ഞെടുപ്പിൽ കഴിഞ്ഞിട്ടില്ലതന്നെ. യഥാർത്ഥത്തിൽ ഉത്തർപ്രദേശിൽ നടന്നുകഴിഞ്ഞ തെരഞ്ഞെടുപ്പുമായി താരതമ്യം ചെയ്യുമ്പോൾ പ്രതിപക്ഷകക്ഷികൾക്ക് കാര്യമായ നേട്ടമൊന്നും ഉണ്ടായിട്ടി

ല്ല. ഉത്തർപ്രദേശിലെ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ കക്ഷികൾ യോജിച്ചിരുന്നുവെങ്കിൽ കോൺഗ്രസിനു വമ്പിച്ച പരാജയമുണ്ടാകുമായിരുന്നുവെന്നു വോട്ടുകളുടെ കണക്കിൽ നിന്നും വ്യക്തമാണ്. ഗുജാറാത്തിലെ "ഇന്ദിരാതരംഗം 'അവസാനിച്ചതിന്റെ ലക്ഷണം കണ്ടതെന്നവാദം ശരിയല്ല. ഉത്തർപ്രദേശിലെ തെരഞ്ഞെടുപ്പിൽതന്നെ ഇന്ദിരാതരംഗം അവസാനിച്ചിരുന്നു. എല്ലാ സാഹചര്യങ്ങളും കോൺഗ്രസിനു പ്രതികൂലമായിരുന്നിട്ടും എന്തുകൊണ്ട് പ്രതിപക്ഷത്തിന്റെ ജനതാമുന്നണിക്ക് ഒററക്ക് ഭൂരിപക്ഷം കിട്ടിയില്ല.

ഉത്തരം ഇതാണ്. കോൺഗ്രസ്സിൽ നിന്നു ഏതെങ്കിലും തരത്തിൽ വ്യത്യസ്തരാണ് തങ്ങൾ എന്നു ബോദ്ധ്യപ്പെടുത്താൻ കഴിവുള്ളവരല്ലായിരുന്നു പ്രതിപക്ഷ കക്ഷികൾ. സംഘടനാകോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം നയത്തിലോ പരിപാടിയിലൊ കഴിഞ്ഞകാലചെയ്തികളിലോ കോൺഗ്രസ്സിൽ നിന്നു വ്യത്യസ്തമായി ഒന്നും അവകാശപ്പെടാനുണ്ടായിരുന്നില്ല. ഭാരതീയ ജനസംഘം കൂടുതൽ സംഘടനാ ശേഷിയുള്ള കക്ഷിയാണെങ്കിലും ശരി, നിലവിലുള്ള വ്യവസ്ഥയെ നില നിർത്തുന്ന തത്വ ശാസ്ത്രമാണ് അവർ വെച്ചുപുലർത്തുന്നത്. ബി. എൽ. ഡി യാണെങ്കിൽ മുമ്പ് സ്വതന്ത്രാ പാർട്ടിക്കാരായിരുന്നവരും, ക്രാന്തിദളുകാരായിരുന്നവരും അതിനുമുമ്പ് കോൺഗ്രസ്സുകാരായിരുന്നവരും ചേർന്നു തട്ടിക്കൂട്ടിയുണ്ടാക്കിയതാണ്. സോഷ്യലിസ്ററ് പാർട്ടി ഗുജറാത്തിൽ ഗണനീയമായ ശക്തിയുമല്ല. ഇത്തരക്കാർ ചേർന്ന് ഉണ്ടാക്കുന്ന ജനതാമുന്നണിയിൽ നിന്നു ജനങ്ങൾ പുതുതായി ഒന്നും പ്രതീക്ഷിച്ചില്ലെന്നത് സ്വാഭാവികമാണ്. കണക്കുകളുടെ വിജയത്തിൽ കവിഞ്ഞ് ജനതാമുന്നണിക്ക് ഗുജറാത്തിൽ വിജയമുണ്ടാക്കാൻ കഴിയാത്തതിൽ അത്ഭുതമില്ല.

തെരഞ്ഞെടുപ്പിനു ശേഷം ജനതാമുന്നണി മന്ത്രിസഭ രൂപവൽക്കരിച്ചിരിക്കുകയാണ്. കെ. എം. എൽ. പി. യുടെ പിന്തുണയോടെയാണ് മന്ത്രിസഭ രൂപവൽക്കരിച്ചിരിക്കുന്നത്. "ഗുജറാത്തിൽ ചിമൻഭായ് പാട്ടേലിന്റെ നേതൃത്വത്തിലുള്ള കെ. എം. എൽ. പി. യുടെ പിന്തുണയോടെ അധികാരത്തിൽ കടന്നുകൂടുവാനുള്ള ജനതാമുന്നണിയുടെ തീരുമാനത്തോടെ പ്രതിപക്ഷ കക്ഷികൾ അഴിമതിക്കെതിരെ നടത്തുന്ന ഗിരിപ്രഭാഷണങ്ങൾ അവസര വാദരാഷ്ട്രീയം മൂടിവെയ്ക്കുന്നതിനുള്ള പുകമറ മാത്രമാണെന്നു ഒരിക്കൽ കൂടി വ്യക്തമാരിയിക്കുന്നു" എന്നു കെ. പി. സീ സി. പ്രസിഡണ്ട് എ. കെ. ആന്റണി ആക്ഷേപിക്കുന്നുണ്ട്. ആന്റണിയുടെ ആക്ഷേപത്തിൽ കഴമ്പില്ലാതില്ല. കോൺഗ്രസിനെ ശകാരിക്കുകയും കോൺഗ്രസിൽ നിന്നും സ്ഥാനമോഹത്തിന്റെ പേരിൽ പുറത്തുപോകുന്ന കൊള്ളരുതാത്തവരെയെല്ലാം ചേർത്ത് മുന്നണിയുണ്ടാക്കുകയും ചെയ്യുന്ന അവസര വാദരാഷ്ട്രീയക്കാർക്കു മറുപടി പറയാൻ ബുദ്ധിമുട്ടുള്ളതാണ് ആന്റണിയുടെ ആക്ഷേപം. "ചിമൻഭായ് അഴിമതിക്കാരനല്ലന്നു സ്വഭാവ സർട്ടിഫിക്കററ് നൽകുവാൻ പോലും ഒരു പക്ഷെ ജനതാമുന്നണിയും അവരുടെ ഗവൺമെൻറും നിർബന്ധിക്കപ്പെട്ടേക്കാൻ ഇടയുണ്ടെന്നു' ആന്റണി പറയുന്നു. സർവ്വകലാശാല നിയമത്തിലെ 69-ാം വകുപ്പ് ഉപേക്ഷിക്കാനും മററും നിർബന്ധിതരായ എ. കെ. ആന്റണിക്ക് അങ്ങിനെ ആശങ്കയുണ്ടാകുന്നതിൽ അത്ഭുതമില്ല. ആന്റിണിയുടെ ആക്ഷേപത്തിനു മറുപടി പറയാൻ 'എക്സ്പ്രസ്' (ജൂൺ 19) ദുർബലശ്രമം നടത്തിയിട്ടുണ്ട്. ചിമൻഭായിയും അഴിമതി ആരോപണത്തിനു ഇരയായിട്ടുള്ളത്ധായും മൽസരിക്കാതിരുന്നാൽ ജനതാമുണണിയിൽ കെ. എം. എൽ. പി. യെ ചേർക്കാമെന്നു മൊറാർജി പറഞ്ഞിരുന്നുപോലും. ജനങ്ങൾ ഈ രണ്ടു പേരെയും തോൽപിച്ചതു കൊണ്ടാണ് കെ. എം. എൽ. പി. യുടെ പിന്തുണ മുന്നണി സ്വീകരിച്ചത്, എന്നാണ് 'എക്സ്പ്രസ്'ന്റെ മുഖ പ്രസംഗത്തിലെ ധ്വനി. കെ. എം. എൽ. പിയുടെ നേതാവ് ചിമൻഭായ് ആയിരുന്നാലും ജനതാമുന്നണി പിന്തുണനേടുമായിരുന്നു എന്നു വ്യക്തമാണ്. തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ചിമൻഭായിയുമായി ആലോചിച്ചശേഷമാണ് ജനതാമുന്നണി കെ. എം. എൽ. പി. യുടെ പിന്തുണ നേടിയതെന്നും എല്ലാവർക്കും അറിയാം. ആലോചനക്കിടയിൽ നല്ല വിലതന്നെ ചിമൻഭായ് മേടിച്ചുകാണും.

ഭാരതത്തിലെ പ്രതിപക്ഷ കക്ഷികളും ഭരണകക്ഷികളും ഒരേ തരക്കാരാണെന്ന് ഒന്നുകൂടെ വ്യക്തമാക്കാനും കോൺഗ്രസ് വിരോധമോ, മാർക്സിസ്ററ് വിരോധമോ അപ്രസക്തമാണെന്നും ബോദ്ധ്യപ്പെടുത്താനും താഴെക്കിടയിലുള്ള എഴുപത്തഞ്ചു ശതമാനത്തോളം വരുന്ന ഗ്രാമീണ ജനതക്ക് പ്രയോജനപ്രദമായ നയപരിപാടികൾ നടപ്പിലാക്കുകയാണ് യഥാർത്ഥ പ്രശ്നമെന്നു മനസിലാക്കാനും ആണ് ഗുജറാത്തിലെ തെരഞ്ഞെടുപ്പ് ഫലങ്ങൾ പ്രയോജനപ്പെടേണ്ടത്. പക്ഷെ ജനതാമുന്നണിയെപ്പോലെ തന്നെ അവസരവാദരാഷ്ട്രീയമാണ് കേരളത്തിൽ ആന്റണിയുടെ നേതൃത്വത്തിലുള്ള ഭരണമുന്നണിയും പയററുന്നതെന്നു ആർക്കാണു അറിഞ്ഞുകൂടാത്തത്?. പിന്തിരിപ്പൻമാരും കായൽ രാജക്കൻമാരുടെ വക്താക്കളും എന്നു ആന്റണി ആക്ഷേപിച്ച കേരളാ കോൺഗ്രസിലെ ഒറിജിനൽ കേരളാ കോൺഗ്രസുമായി ആന്റണി മുന്നണിയുണ്ടാക്കി കഴിഞ്ഞു. സാമുദായിക രാഷ്ട്രീയത്തിന്റെ സന്തതിയായ, എൻ ഡി പി. യുടെ ശാസനക്ക് ആന്റണി വഴങ്ങുമെന്നു തീർച്ചയാണ്. കേരളാ കോൺഗ്രസിനെ വീണ്ടും ഭരണമുന്നണിയിലേക്ക് ആകർഷിക്കാൻ ആന്റണിയും കൂട്ടരും അണിയറ നീക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. തിരുവനന്തപുരത്ത് എ. ഐ സി. സി. സെക്രട്ടറി നരസിംഹറാവുവിന്റെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരം ആർച്ചു ബിഷപ്പും ആന്റണിയും കൂടി നടത്തിയ സംഭാഷണം ആരും അറിഞ്ഞിട്ടില്ലെന്നായിരിക്കാം അദ്ദേഹത്തിന്റെ ധാരണ.

കേരളത്തിലെ പ്രതിപക്ഷ മുന്നണിയും വ്യത്യസ്തമല്ലന്നാണ് സത്യം. മാർക്സിസ്ററ് തൊഴിലാളികളെപിരിച്ചുവിട്ട കെ എം ജോർജിന്റെ കേരളാ കോൺഗ്രസിനേയും കമ്യൂണിസ്ററു വിരോധം അടുത്തകാലം വരെ മുദ്രാവാക്യമായി സ്വീകരിച്ച് കോൺഗ്രസിനെഎതിർത്തസംഘടനാ കോൺഗ്രസിനേയും കള്ളക്കടത്തു

എഴുതാപ്പുറം

# II കോൺഗ്രസുകാരുടെ കോപ്രാട്ടികൾ

ഇന്ദിരാഗാന്ധിയെ പ്രധാനമന്ത്രിസ്ഥാനത്തുനിന്നു മാററാൻ പ്രതിപക്ഷം ശ്രമിക്കുന്നത് രാഷ്ട്രീയ ഗൂഢാലോചനയുടെ ഫലമാണെന്നാണ് പ്രധാനമന്ത്രി ആരോപിക്കുന്നത്. ഡൽഹിയിൽ കോൺഗ്രസുകാർ സർക്കാർ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വമ്പിച്ച പ്രകടനത്തിനു ശേഷം തുടർന്ന യോഗത്തിലാണ് ഇന്ദിര ഈ ഗൂഢാലോചനരഹസ്യം തട്ടിവിട്ടത്. വിദേശത്തുള്ള ശക്തികളും രാജ്യത്തിനകത്തുള്ള ശക്തികളും ഈ ഗൂഢാലോചനക്കു പിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് അവർ പറയുന്നത്. 'എന്നെ കൊല്ലാൻവരുന്നേ' എന്നും പ്രധാനമന്ത്രി നിലവിളിക്കുകയുണ്ടായി.

ഇത്രയും വിലകുറഞ്ഞ ദയനീയമായ പ്രസംഗം പ്രധാനമന്ത്രി പറയുമ്പോൾ അവർക്ക് നാണമില്ലെങ്കിലും കേൾക്കുന്നവർക്ക് നാണമുണ്ടാകും. മുഖ്യമന്ത്രിമാരേയും കോൺഗ്രസ് പ്രസിഡൻറുമാരേയും മാത്രമല്ല ഇന്ദിരാഗാന്ധിയുടെ പുത്രൻമാരായ സഞ്ജയ് ഗാന്ധി, രാജീവ് ഗാന്ധി മരുമകൾ സോണിയ എന്നിവരെയൊക്കെ അദ്ധ്യക്ഷ വേദിയിൽ വിളിച്ചിരുത്തിക്കൊണ്ടാണ് ഇന്ദിരയുടെ പ്രലപനങ്ങളും ജൽപനങ്ങളും നടന്നത്. കുടുംബാംഗങ്ങൾക്ക് എന്താണ് ഈ രാഷ്ട്രീയ യോഗത്തിലെ അദ്ധ്യക്ഷ വേദിയിൽസ്ഥാനം നൽകാൻ കാരണം? കാർനിർമ്മാതാവായ സഞ്ജയിനോ, വിമാനപൈലട്ടായ രാജീവിനോ ഇടക്കാലത്തു ഇൻഷുറൻസ് ഏജൻറായ സോണിയായ്ക്കോ ഇന്ദിരയുടെ ഭാവിയിൽഅല്ലാതെ രാഷ്ട്രീയത്തിൽ ഇതേവരെ താൽപര്യമൊന്നും ഉണ്ടായിട്ടില്ല. ഇന്ദിര പ്രധാനമന്ത്രി ആയിരുന്നില്ലെങ്കിൽ ഈ മൂന്നുകുടുംബാംഗങ്ങൾക്കുംഅവർ ഇന്നു ചെയ്യുന്നജോലി ലഭിയ്ക്കുമായിരുന്നില്ലെന്നതുകൊണ്ട് അമ്മയോട് കൂറുംനന്ദിയുംകാണുന്നത് സ്വഭാവികമാണ്. പക്ഷെ, അവരെ വിളിച്ചു അദ്ധ്യക്ഷവേദിയിൽ ഇരുത്തിയതം കാണുമ്പോൾ ബി. എൽ. ഡി. ക്കാർ ആക്ഷേപിച്ചത് കോൺഗ്രസുകാരെ സംബന്ധിച്ചിടത്തോളം അഭിമാനമാണു ഉണ്ടാക്കിയതെന്നു സംശയിച്ചു പോകും.

കോൺഗ്രസുകാരുടെ പാർലിമെൻററിപാർട്ടിയോഗത്തിലെ പ്രമേയത്തെ ആണ് ബി. എൽ. ഡി ക്കാർ ആക്ഷേപിത്. കോൺഗ്രസ് അംഗങ്ങളുടെ പാദസേവയും ചെററത്തരവും പൊള്ളത്തരവും വെളിപ്പെടുത്തുന്നതാണ് പാർലിമെൻററി പാർട്ടിയുടെ പ്രമേയമെന്നു ബി. എൽ. ഡി. നേതാവ് ചരൺസിങ്ങ് പറഞ്ഞു. സഞ്ജയ്ഗാന്ധിയായിരിക്കും അടുത്ത പ്രധാനമന്ത്രിയെന്നു പാർലിമെൻററി പാർട്ടിയോഗം പ്രഖ്യാപിക്കുകകൂടി ചെയ്തിരുന്നെങ്കിൽ വഷളത്ത പൂർത്തിയാകുമായിരുന്നു എന്നും ബി.

(ശേഷം 3-ാം പേജിൽ)

## ചിമൻഭായ് തോററു ചിമൻഭായ് ജയിച്ചു

കാർ എന്നു ആക്ഷേപിക്കപ്പെട്ട വിമത മുസ്ലീംലിഗിനേയും ചേർത്ത് പ്രതിപക്ഷ മുന്നണി രൂപവൽക്കരിക്കുകയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ നിന്നു പുറത്തുപോയി 'നാഷണൽ' എന്നതിൻെറ സ്ഥാനത്ത് 'സംഘടനാ' യെന്നോ 'കേരള'യെന്നോ പേരിട്ടാൽ പുരോഗമനക്കാരാകുകയും നയപരിപാടിയിൽ വ്യത്യാസം വന്നതായി പ്രഖ്യാപിക്കുകയും ചെയ്യുന്ന നവീന സോഷ്യലിസം ആണ് ഇവിടെ പ്രതിപക്ഷക്കാർ നടപ്പിലാക്കുന്നത്. യഥാർത്ഥത്തിൽ പരിവർത്തനം ആഗ്രഹിക്കുന്നവരുമായി ധാരണയുണ്ടാക്കാൻ അവർക്കാഗ്രഹമില്ല. ഗുജറാത്തിൽ ചിമൻഭായിയെ മാററി വീണ്ടും ചിമൻഭായിയുടെ നിയന്ത്രണത്തിലുള്ള കെ. എം. എൽ. പിയാണ് അധികാരത്തിൽ വന്നെതെങ്കിൽ, കേരളത്തിൽ അച്ചുതമേനോനയും കോൺഗ്രസിനേയും മാററി തൽസ്ഥാനത്ത് കെ. എം. ജോർജ്ജനേയും കേരളാ കോൺഗ്രസിനേയം കൊണ്ടുവരാനാണ് പ്രതിപക്ഷക്കാരുടെ നീക്കം. ഇതെല്ലാം പൗരാവകാശത്തിൻെറയും പുരോഗമനത്തിൻേറയും പേരിലായാലും നാടിനു ഒരു മെച്ചവും ഉണ്ടാകാൻ പോകുന്നില്ലെന്നത് പകൽപോലെ പരമാർത്ഥമാണ്. ഭാരതത്തിലെ പ്രതിപക്ഷത്തേയും ഭരണകക്ഷിയേയും വിലയിരുത്തിയ ശേഷം ഗിരിലാൽ എഴുതുന്നു" പക്ഷെ അവരുടെ ഏററവുംആഗാധവും, പലപ്പോഴും ബോധപൂർവ്വമല്ലാത്തതുമായആഗ്രഹം നീതി വേണമെന്നല്ല. സമത്വമോ പുരോഗതിയോവേണമെന്നല്ല. നിലവിലുള്ള സ്ഥിതിഭദ്രമായി തുടരണമെന്നാണ്" (ടൈംസ് ഓഫ് ഇന്ത്യ ജൂൺ11)

അതാണ് സത്യം. അതുകൊണ്ടാണ് രാഷ്ട്രീയത്തെ 75ശതമാനം വരുന്ന ഗ്രാമീണ ജനതയിലേയ്ക്ക് കൊണ്ടുവരാതെ മാററം ഉണ്ടാകുകയില്ലെന്നും കോൺഗ്രസിനു പകരം കൃത്രിമ കോൺഗ്രസ് ഉണ്ടാക്കിയതുകൊണ്ട് ഫലമില്ലെന്നും പരിവർത്തനവാദികൾ പറയുന്നത്. സാമൂഹ്യവും സാമ്പത്തീകവുമായ പരിവർത്തനം ഒന്നിച്ചുമാത്രം നടക്കാൻ സാദ്ധ്യതയുള്ള നാടാണ് ഭാരതം. ഇവിടെ പരിവർത്തന ശ്രമങ്ങൾക്ക് തടസം നിൽക്കലായിരിക്കും കേരളാ കോൺഗ്രസ് മുസ്ലീംഗ് തുടങ്ങിയ കക്ഷികളെ അധികാരത്തിൽ കൊണ്ടുവരാൻ ശ്രമിച്ചാലുള്ള ഫലം. അവശ വിഭാഗങ്ങൾക്ക് അധികാരത്തിൽ പങ്കാളിത്തം നൽകുന്ന ഉദ്യോഗ സംവരണ തത്വത്തേയും, ഭൂരിഭാഗം വരുന്നഹരിജനങ്ങളായ കർഷകതൊഴിലാളികൾക്ക് സേവനസ്ഥിരതയെ പോലുള്ള ആനുകൂല്യം നൽകുന്ന കർഷകതൊഴിലാളി നിയമത്തേയും എതിർക്കുന്നവർ നിലവിലുള്ളവ്യവസ്ഥയുടെസംരക്ഷകരാണ്. അവരെ വോട്ടുകൊണ്ടോ, പ്രചരണം കൊണ്ടോ സഹായിക്കാതെതന്നെ സോഷ്യലിസ്ററാശയങ്ങളിൽ വിശ്വസിക്കുന്ന കക്ഷികളുമായി തെരെഞ്ഞെടുപ്പു ധാരണയുണ്ടാകാൻ സന്നദ്ധമാണെന്നു കോൺഗ്രസ് പരിവർത്തനവാദികൾ പ്രഖ്യാപിച്ചത് എത്രയോ ശരിയായ സമീപനമാണെന്നു ഗുജറാത്ത് തെരെഞ്ഞെടുപ്പ് ഫലങ്ങൾ ചൂണ്ടികാണിക്കുന്നു. കോൺഗ്രസിനെ മാററി കെ. എം. എൽ പി. യെയോ സംഘടനാ കോൺഗ്രസ്സിനേയോ അധികാരത്തിൽ വാഴിച്ചതുകൊണ്ട്. നിലവിലുള്ള വ്യവസ്ഥക്ക് ചെറിയ മാററം പോലും ഉണ്ടാവുകയില്ല. അവശരും അദ്ധ്വാനിക്കുന്നവരുമായ ജനതയുടെ അവകാശങ്ങൾ അംഗീകരിക്കുന്ന സോഷ്യലിസ്ററുകൾ അധികാരത്തിൽ വരാതെ വ്യവസ്ഥയ്ക്ക് ഒര മാററവും ഉണ്ടാകാൻ പോകുന്നില്ല. കക്ഷിനേതാക്കൾക്ക് സ്ഥാനവും ചിലവർക്ക് പണം നേടാൻ സൗകര്യവും ലഭിക്കണമെന്നു മാത്രം.

നിർണ്ണയം

(6-ാം പേജിൽ നിന്നും തുടർച്ച)

ജനം സമരം ചെയ്താലെ ഇതൊക്കെ ചെയ്യേണ്ട കാര്യമുള്ളു എന്നാണോ മാതൃഭൂമി ഉദ്ദേശിക്കുന്നത്? താൽപര്യം ജനങ്ങൾക്കല്ല. ഭരണാധികാരി വർഗത്തിനാണു ഉണ്ടാകേണ്ടത്. മാതൃഭൂമിക്കും അവരുടെ വർഗത്തിൽപ്പെട്ട ഭരണാധികാരി വർഗത്തിനും ഇംഗ്ളീഷു തുടരുകയാണ് വേണ്ടത്. അതങ്ങു തെളിച്ചു പറഞ്ഞാൽ മതി. മലയാളത്തിൽ കൂടി വിജ്ഞാനം കിട്ടണമെങ്കിൽ മലയാളം വളർന്നു വികസിക്കണം. ബോധന മാധ്യമവും ഭരണഭാഷയും മലയാളമാക്കിയാൽ മലയാളം താനേ വളർന്നുകൊള്ളും. ഇനിയും കാത്തിരിക്കണമെന്ന് പറയുന്നത് ഗാന്ധിജിയുടെ ഭാഷയിൽ പറഞ്ഞാൽ ബുദ്ധിമാന്ദ്യത്തിൽ കുറഞ്ഞ ഒന്നുമല്ല.

അന്യസംസ്ഥാനത്തും അന്യരാജ്യത്തും ജോലികിട്ടാൻ ഇംഗ്ലീഷ് വേണമെന്നാണ് മാതൃഭൂമിയുടെ മറ്റൊരു വാദം. എക്കാലത്തും ഇംഗ്ലീഷനുകൂലികൾ മുഴക്കിയിരുന്നതും ഗാന്ധിജിയടക്കം പലരും മറുപടിപറഞ്ഞു കഴിഞ്ഞതുമായ ഒരുകാര്യമാണിത്. അന്യരാജ്യത്തും അന്യസംസ്ഥാനത്തും പോയി ജീവിക്കുന്നവർ എത്രയാണെന്ന് മാതൃഭൂമി പറയുന്നില്ല. ഈ സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും ഇംഗ്ലീഷാണ് വ്യവഹാരഭാഷ എന്നാരു പറഞ്ഞു? കേരളത്തിൽ നിന്ന് തമിഴ്നാട്ടിൽ പോയി ജോലി ചെയ്യുന്നവൻ അവിടെ ഇംഗ്ലീഷിൽ സംസാരിച്ച് കാര്യങ്ങൾനിർവ്വഹിക്കുന്നു എന്നാണോ മാതൃഭൂമി ധരിച്ചത്? തമിഴ്‌വ്യവഹാര ഭാഷയായിരിക്കുന്ന ഒരു സ്ഥലത്ത് അവൻ തമിഴ് പഠിക്കാൻ നിർബന്ധിതനാകുന്നു. എവിടേയും അങ്ങിനെയാണ്. ഇനി ഇംഗ്ലീഷ് ആവശ്യമാണെന്ന് വാദത്തിനു വേണ്ടി സമ്മതിച്ചാൽ തന്നെ എത്ര പേരാണ് പുറത്തുപോയി ജോലി ചെയ്യുന്നത്? ഒരു സ്ഥിതി വിവരക്കണക്കനുസരിച്ച് 5 ശതമാനം പേരാണ് പുറമേ പോയി ജോലിചെയ്യുന്നതെന്ന് കാണുന്നു. ഇവരിൽ തന്നെ ബഹുഭൂരിഭാഗം വെള്ളക്കോളർജോലിക്ക് പോയവരല്ല. കച്ചവടം ആദിയായ തൊഴിൽ ചെയ്യുന്നവരും ഈ കണക്കിൽ പെടും. രണ്ടോ മൂന്നോ ശതമാനം പേർ പുറത്തു പോയി ഇംഗ്ലീഷുപയോഗിക്കുന്നുവെന്ന് വാദിച്ചാൽ തന്നെ ആ രണ്ടു ശതമാനത്തിന് വേണ്ടി തലമുറകൾ മുഴുവൻ ഇംഗ്ലീഷ് പഠനം എന്ന ശിക്ഷ അനുഭവിക്കണമെന്നുപറയുന്നതിൽ എന്തു ന്യായമാണുള്ളത്? ഇംഗ്ലീഷ് ആവശ്യമുള്ളവർ അതു പഠിച്ചു കൊള്ളട്ടെ. അവർക്കതിന് സൗകര്യം ചെയ്തു കൊടുക്കണമെന്ന് പറഞ്ഞാൽ മനസിലാക്കാം. പക്ഷെ ഒരു ന്യൂനപക്ഷത്തിനുവേണ്ടി സമൂഹം മുഴുവൻ ശിക്ഷ അനുഭവിക്കണമെന്ന് പറയുന്നത് നീതീകരിക്കാവുന്നതല്ല.

അവസാനമായി തികച്ചും അനാവശ്യമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേരേയും മാതൃഭൂമി കടിച്ചുകയറുന്നുണ്ട്. സർവകലാശാലാമേധാവികളുമായി സഹകരിക്കാതെയാണത്രേ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾനിർമ്മിക്കുന്നതു്. നമ്മുടെ സർവകലാശാലകളിലും കോളേജുകളിലും അതാത് വിഷയങ്ങൾ പഠിപ്പിച്ചു് പരിചയം നേടിയിട്ടുള്ള അദ്ധ്യാപകരാണ് പുസ്തകങ്ങൾ തയ്യാറാക്കുന്നതു് എന്ന് ഇൻസ്റ്റിറ്റ്യൂട്ട് അവകാശപ്പെടുന്നു. എഴുതിക്കിട്ടുന്ന കൈയെഴുത്തു പ്രതികൾ രണ്ടു സർവ്വകലാശാലകളും അംഗീകരിച്ചു് ഉപദേഷ്ടാക്കൾ പരിശോധിച്ച് അവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചശേഷം മാത്രമേ അച്ചടിക്കുന്നുള്ളു. അങ്ങിനെ അച്ചടിച്ച പുസ്തകം അതാതു് ക്ലാസുകളിലേക്കു് ശുപാർശ ചെയ്യുന്നതാണെന്നു് കേരളത്തിലെ രണ്ട് സർവകലാശാലകളിലെയും വൈസ്ചാൻസലർമാർ ഉറപ്പ് തന്നിട്ടുണ്ട്, എന്നാണ് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ ആമുഖത്തിൽ കാണുന്നതു്. എന്നിട്ടും ലക്ഷക്കണക്കിനു രൂപയുടെ പുസ്തകങ്ങൾ കെട്ടിക്കിടക്കുന്നു. സർവ്വകലാശാലകൾ വാക്കു പാലിക്കാത്തതുകൊണ്ടും സർക്കാർധൈര്യപൂർവം തീരുമാനമെടുത്തു മുമ്പോട്ടു പോകാത്തതുകൊണ്ടും ആണ് സ്തംഭനാവസ്ഥയുണ്ടായിട്ടുള്ളത്. പക്ഷേ ഭരണാധികാരികൾ ഇതു ചെയ്യാൻ പോകുന്നില്ല. മതമേധാവികൾ ജനങ്ങൾക്കറിഞ്ഞുകൂടാത്ത ഭാഷയിൽ മതകാര്യങ്ങൾ കൈകാര്യം ചെയ്തു് ജനങ്ങളെ വഞ്ചിക്കുന്നതുപോലെ ഇന്നത്തെഭരണകൂടം ജനങ്ങൾക്കറിഞ്ഞുകൂടാത്ത ഭാഷയിൽ ഭരിച്ച് ജനങ്ങളെ വഞ്ചിക്കുകയാണ്. ഇന്നത്തെ ഇംഗ്ളീഷ് മോഡൽ വിദ്യാഭ്യാസം കിട്ടുന്നവർജനങ്ങളിൽനിന്നകലുന്നു. ഭരണവും ജനങ്ങളിൽനിന്നകന്നു് അകന്നു അപ്രാപ്യമായിനിലകൊള്ളുന്നു.

ഇന്നത്തെ ഈ നിലമാറി ജനങ്ങൾക്കു കൂടി ഭരണങ്ങളിൽ പങ്കാളിത്ത മുണ്ടാകണമെങ്കിൽ, എന്റെ ഭരണ കൂടം എന്ന തോന്നൽ ഓരോ പൗരനും ഉണ്ടാകണമെങ്കിൽ, ഭാഷ അവനു മനസിലാകുന്നതായിരിക്കണമെന്ന കാര്യങ്ങൾക്ക് സംശയമില്ല. ഭരണഭാഷയും ബോധന മാധ്യമവും ഏററവും വേഗം മലയാളത്തിലാക്കണം. ഇതിനുള്ള ശ്രമം തുടങ്ങിയെന്ന് കേട്ടിട്ട് കുറെക്കാലമായെങ്കിലും കാര്യങ്ങൾ തുടങ്ങിയേടത്തുതന്നെ കിടക്കുകയാണ്. അറിവും കഴിവും ഭാവനയുമുള്ള ഒരു രാഷ്ട്രീയ നേതൃത്വം അധികാരത്തിലേറുന്നതു വരെ ഇവിടെ എല്ലാരംഗത്തും അനിശ്ചിതത്വവും നിശ്ചലാവസ്ഥയും തുടരുക തന്നെ ചെയ്യും.

## പ്രക്ഷോഭണം രാഷ്ട്രീയാവശ്യത്തിനു വേണ്ടിയാവണം

കേരള കോൺഗ്രസിന്റെ നിയന്ത്രണത്തിലുള്ള കെ. എസ്. സി. യുടെ താൽപര്യങ്ങൾക്കാണ് എസ്. എഫ്. ഐ ഉൾപ്പെട്ട പ്രതിപക്ഷ വിദ്യാർത്ഥി സമരസമിതി വഴങ്ങുന്നതെന്നു ബോദ്ധ്യപ്പെട്ടതിനാലാണ് പരിവർത്തനവാദി വിദ്യാർത്ഥി സംഘം സമരസമിതിയിയിൽ നിന്നു പിൻമാറിയത്.

പ്രതിപക്ഷ വിദ്യാർത്ഥി സംഘടനയുടെ സമരസമിതീയോഗം ചേർന്നപ്പോൾ പരിവർത്തനവാദി വിദ്യാർത്ഥി സംഘം പ്രതിനിധികൾ പങ്കെടുത്തിരുന്നു. വിദ്യാർത്ഥികൾ ഉന്നയിക്കുന്ന ആവശ്യങ്ങളുടെ കൂട്ടത്തിൽ അഴിമതിനടത്തുന്ന സ്വകാര്യ വിദ്യാലയങ്ങൾ ഏറെറടുക്കുവാൻ നിയമ നിർമ്മാണം നടത്തണമെന്നുകൂടെ ഉൾപ്പെടുത്തണമെന്ന് പരിവർത്തനവാദിവിദ്യാർത്ഥി സംഘം സമരസമിതിയിൽആവശ്യപ്പെട്ടു. എന്നാൽ കെ. എസ്.

(ശേഷം 8-ാംപേജിൽ)

# ചിമൻഭായ് തോററു, ചിമൻഭായ് ജയിച്ചു

മുനി

രാജാവു മരിച്ചു; രാജാവു നീണാൾ വാഴട്ടെ– ബ്രിട്ടീഷുകാർ അങ്ങിനെയാണ് പറയാറുള്ളത്. രാജവിനെ തൂക്കിലേററിയശേഷം രാജാവിനെ വാഴിച്ച ജനാധിപത്യ പാരമ്പര്യമാണല്ലോ ബ്രിട്ടീഷുകാർക്കുള്ളത്.. ബ്രിട്ടീഷ് ജനാധിപത്യത്തെവാഴ്ത്തുന്നതുംപിന്തുടരുതുംവളരെമഹത്തായകാര്യമാണെന്നു നമ്മുടെ ഭരണാധികാരികൾ ധരിച്ചുവെച്ചിട്ടുമുണ്ട്. ബ്രിട്ടീഷുകാരുടെ പ്രതിപക്ഷവും ഭരണപക്ഷവും വേർതിരിക്കാനാവില്ല. ഭാരതത്തിലെ സ്ഥിതിയും അതു തന്നെയാണ്. അതിന്റെ ഏററവും നല്ല ഉദാഹരണമാണ് ഗുജറാത്തിലെ തെരഞ്ഞെടുപ്പ്.

രാജാവ് മരിച്ചു, രാജാവ് നീണാൾ വാഴട്ടെ– എന്നു പറയും പോലെ തന്നെ ചിമൻഭായ് തോററു, ചിമൻഭായ് ജയിക്കട്ടെ. അതാണ് ഗുജറാത്തിലെ തെരഞ്ഞെടുപ്പിൽ ഫലത്തിലുണ്ടായ പ്രഖ്യാപനം. ഗുജറാത്ത് മുഖ്യ മന്ത്രിയായിരുന്ന ചിമൻ ഭായ് പാട്ടലിനെതിരായിട്ടാണ് ആദ്യം വിദ്യാർത്ഥികളും നവ നിർമ്മാണ സമിതിയും പ്രക്ഷോഭണം തുടങ്ങിയത്. ഗുജറാത്ത് സർവ്വകലാശാലയിലെ അദ്ധ്യാപകരും ബുദ്ധി ജീവികളും എല്ലാം പ്രക്ഷോഭണത്തിനു പിന്തുണനൽകി. പ്രക്ഷോഭകാരികളുടെ മുഖ്യ എതിർപ്പ് അന്നത്തെ മുഖ്യമന്ത്രി ചിമൻഭായ് പട്ടേലിനോടായിരുന്നു. ഗുജറാത്തിൽ 140 സീററുണ്ടായിരുന്ന കോൺഗ്രസിന്റെ നേതാവായിരുന്നു അന്നു ചിമൻഭായ്.

ദൽഹിയിലെ അന്നത്തെ ഏകഛത്രാധിപതി ഇന്ദിരയുടെ ഇംഗിതത്തിനു വിപരീതമായിട്ടാണ് ചിമൻഭായ് മുഖ്യമന്ത്രി ആയത്. ഘനശ്യാം ഓസയായിരുന്നു ഇന്ദിര നിർദ്ദേശിച്ച മുഖ്യമന്ത്രി. പക്ഷെ ചതുരുപായങ്ങളും വശമാക്കിയിട്ടുള്ള ചിമൻഭായ് ദൽഹിയെ മറികടന്നുകൊണ്ട് മുഖ്യമന്ത്രിയായി. നവനിർമ്മാണ സമിതിയുടെ പ്രക്ഷോഭണം മൂത്തപ്പോൾ ദൽഹിയിലെ കോൺഗ്രസ് നേതാക്കൾ ചിമൻഭായിയോടു് രാജിവെക്കാൻ ആവശ്യപ്പെട്ടു. പക്ഷെ മുഖ്യമന്ത്രിസ്ഥാനത്തു നിന്നു മാറി ചിമൻഭായ് ചെയ്തത് പ്രക്ഷോഭകാരികളുടെ കൂടെക്കൂടുകയാണ്.

താമസിയാതെ തന്നെഗുജറാത്തിൽകോൺഗ്രസ് ഭരണംതകർന്നു. നിയമസഭപിരിച്ചുവിട്ടു. ഗുജറാത്തു് പ്രക്ഷോഭണമാണ് ബീഹാറിലേക്കു് വ്യാപിച്ചത്. അവിടെയും ആദ്യം വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പ്രക്ഷോഭണം ആരംഭിച്ചു. പിന്നീടു് ജയപ്രകാശ് നാരായണൻ പ്രക്ഷോഭണത്തിനു നേതൃത്വം നൽകി. രാഷ്ട്രീയ കക്ഷികളും ഒന്നിനു പുറകെ ഒന്നായി പ്രക്ഷോഭണത്തിൽ പങ്ക് ചേർന്നു. ബീഹാറിൽനിയമസഭ പിരിച്ചുവിടപ്പെട്ടില്ല. പക്ഷെ പ്രക്ഷോഭണത്തിനു കുറെക്കൂടെ വ്യാപകത്വവും ജനകീയ സ്വഭാവവും ഉണ്ടാക്കാൻ ജയപ്രകാശിനു കഴിഞ്ഞു. ഇന്നു പത്രങ്ങളിൽ വലിയതലക്കെട്ടൊന്നും കിട്ടാത്ത 'ജനതാസർക്കാറുകൾ' ബീഹാറിൽ രൂപവൽക്കരിച്ചിട്ടുണ്ടു്. അവിടെ അറുപത്തയ്യായിരം ഗ്രാമങ്ങളിൽ പ്രക്ഷോഭകാരികളുടെ പിന്തുണയോടെ ജനതാസർക്കാറുകൾ രൂപവൽക്കരിച്ചിട്ടുണ്ട്. ഭരതത്തിലെ ഏററവും ശ്രദ്ധേയമായ ഒരുപരീക്ഷണമാണിത്.

എന്നാൽ ഗുജറാത്തിൽ ഇതൊന്നും സംഭവിച്ചില്ല. നിയമസഭ പിരിച്ചുവിട്ടതോടെ പ്രക്ഷോഭണം കെട്ടടങ്ങി. പതിനാലു മാസത്തോളം ഗുജറാത്ത് രാഷ്ട്രപതി ഭരണത്തിൽ കഴിഞ്ഞു. ബീഹാർ പ്രക്ഷോഭണത്തിന്റെ പശ്ചാത്തലത്തിൽ സംഘടനാകോൺഗ്രസ് നേതാവ് മൊറാർജി ദേശായ് നടത്തിയ നിരാഹാര സത്യാഗ്രഹമാണ് ഗുജറാത്തിൽ വീണ്ടും തെരഞ്ഞെടുപ്പിനു കളമൊരുക്കിയത്. അധികാരത്തിൽ നിന്നു കുറെക്കാലം അകററിനിർത്തപ്പെട്ട മൊറാർജി ദേശായ് തന്റെ പഴയ പിടിവാശിയെല്ലാം ഉപേക്ഷിച്ചു. ജനസംഘം, ബി. എൽ. ഡി, സോഷ്യലിസ്ററ് പാർട്ടിഎന്നിവയെല്ലാംചേർത്തു് ജനതാമുന്നണി രൂപവൽക്കരിക്കാൻ മൊറാർജിതന്നെ മുൻകൈ എടുത്തു. ജയപ്രകാശിന്റെ കക്ഷിരഹിത ജനാധിപത്യത്തെ മൊറാർജി നേരത്തെ തന്നെ തള്ളിക്കളഞ്ഞിരുന്നു. ജനതാമുന്നണിയായാലും കൊള്ളാം അടുത്തതെരഞ്ഞെടുപ്പിൽ എന്തു ചെയ്തും അധികാരത്തിൽ എത്തണമെന്നുറപ്പിച്ചിട്ടുള്ള ജനസംഘം മൊറാർജിയെ നേതാവായി അംഗീകരിച്ചു. കോൺഗ്രസ് വിരോധമാണ് സോഷ്യലിസം എന്നുകരുതുന്ന സോഷ്യലിസ്ററ് പാർട്ടിക്ക് 'കിടച്ചതുമെച്ചം' എന്നതിൽ കവിഞ്ഞ് പ്രത്യയ ശാസ്ത്രം ഒന്നും തന്നെ ഉണ്ടായിരുന്നില്ല

ഇതിനിടയിൽ ചിമൻഭായ് പാട്ടേൽവെറുതെ ഇരിക്കുകയായിരുന്നില്ല. അദ്ദേഹം സ്വന്തമായി കിസാൻമസ്ദൂർ ലോകപക്ഷം, (കെ. എം. എൽ. പി) സംഘടിപ്പിച്ചു. ജനതാ മുന്നണിയിൽ ചേരാൻ കെ.എം. എൽ. പി. പരിശ്രമിക്കാതിരുന്നില്ല. ജനതാമുന്നണിയിലെ സോഷ്യലിസ്ററ്പാർട്ടിയെ പോലുള്ള കക്ഷികൾക്ക് വല്ലതും നക്കാപിച്ച കിട്ടണമെന്നതിൽ കവിഞ്ഞ് ഒന്നുമില്ലാത്തതു കൊണ്ടു് ചിമൻഭായിയുടെ നേതൃത്വത്തിലുള്ള കെ. എം. എൽ. പി. യെ കൂട്ടുചേർക്കാൻ അവർ സന്നദ്ധരായിരുന്നു. പക്ഷെ, ജയപ്രകാശിന്റെനേതൃത്വത്തിൽ നടക്കുന്നപ്രക്ഷോഭണത്തിനു പരോക്ഷമായ ഒരു ഗുണം ചെയ്യാൻ തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ സാധിച്ചിട്ടുണ്ടു്.

അഴിമതിക്കാരൻ എന്ന ആക്ഷേപിക്കപ്പെട്ട ചിമൻ ഭായിയുടെ നേതൃത്വത്തിലുള്ള കെ. എം. എൽ. പി. യുമായികൂട്ടുചേരാൻ കോൺഗ്രസ്സോ, ജനതാമുന്നണിക്കോ ധൈര്യമുണ്ടായിരുന്നില്ല. അതുകൊണ്ടു് സ്വന്തം തെരഞ്ഞെടുപ്പ് പ്രകടന പത്രികയുമായി പട്ടേലും കൂട്ടകാരും തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ തയ്യാറായി. വൻകിട കൃഷിക്കാരുടെയും ഭൂവുടമകളുടേയും പിന്തുണയുള്ള കെ. എം. എൽ. പി നൽകിയ വാഗ്ദാനങ്ങൾ ലെവി അവസാനിപ്പിക്കുമെന്നും വളം സൗജന്യമായി നൽകുമെന്നും മററുമാണ്. സ്ഥാനാർത്ഥികളെ നിശ്ചയിക്കാൻ ജനതാമുന്നണിയും കോൺഗ്രസും പെട്ട പാട് രസകരമാണ്. രണ്ടിലും ചിമൻഭായ് പട്ടേലിന്റെ ആളുകൾ കടന്നു കൂടിയിട്ടുണ്ടായിരുന്നു. ഇപ്പോഴും രണ്ട് പക്ഷത്തും ചിമൻഭായ് പട്ടേലിന്റെ ആളുകൾ എം. എൽ. എ. മാരായിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. ഏതായാലും പലപ്രമുഖരും തെരഞ്ഞെടുപ്പിൽ നിന്നൊഴിഞ്ഞു നിന്നു. അഴിമതിക്കാരെന്നുപൊതുവേ കരുതപ്പെടുന്നവരെ സ്ഥാനാർഥികളാക്കാൻ ഇരുപക്ഷത്തിനും ധൈര്യമുണ്ടായില്ല. പാവം നവനിർമമാണ സമിതിക്കാരായ യുവാക്ക

(ശേഷം 7–ാം പേജിൽ)

(4-ാം പേജിൽ തുടർച്ച)

അലഹബാദ് ഹൈക്കോടതിവിധിവന്ന ദിവസത്തിനു എതാനും ദിവസംമുമ്പു് പോലും പ്രതിപക്ഷമുന്നണിക്ക് വോട്ടുചെയ്യാൻ പരസ്യമായി ആഹ്വാനം ചെയ്തിരുന്നു.

ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് റദ്ദാക്കിക്കൊണ്ട് അലഹബാദ് ഹൈക്കോടതി പ്രസ്താവിച്ച വിധിയെകുറിച്ച് 'ലക്ഷ്യവും മാർഗവും' എന്നതലക്കെട്ടിൽ 'ദേശാഭിമാനി,മുഖപ്രസംഗംഎഴുതിയ അന്നുതന്നെ ജീവനക്കാർക്ക് തെരഞ്ഞെടുപ്പിൽ താൽപ്പര്യംപാടില്ലെന്നസിദ്ധാന്തം ജനാധിപത്യവിരുദ്ധം, എന്നതലക്കെട്ടിൽ അതേപേജിൽ, സർക്കാർജീവനക്കാരുടെ ഒരുസംഘടനാനേതാവായ ജി കുചേലദാസ് ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പു പ്രചരണം രാഷ്ട്രീയക്കാർക്കു വിട്ടുകൊടുക്കുന്നതാണുനല്ലത്. എന്നാൽജീവനക്കാർക്ക് തെരഞ്ഞെടുപ്പിൽ താൽപ്പര്യമില്ലെന്ന ധാരണ വച്ചുപുലർത്തരുത്", എന്നഉൽബോധനം നടത്തികൊണ്ടാണ് കുചേലദാസ് ലേഖനം അവസാനിപ്പിക്കുന്നതു്. എന്നാൽ അദ്ദേഹം അതേ ലേഖനത്തിൽ എഴുതുന്നു. "ഇന്നു ഭരണത്തിലിരിക്കുന്നവർ മാറണമെന്നു വ്യക്തം. ഇതിനു തെരഞ്ഞെടുപ്പുമാത്രമെ ഒരു പ്രതിവിധിയുള്ളൂ,, ഒരുപക്ഷെ കുചേലദാസ് ഈഎഴുതി പ്രസിദ്ധീകരിച്ചിരിക്കുന്നതു് തെരഞ്ഞെടുപ്പു പ്രചരണമല്ലെന്നായിരിക്കും അദ്ദേഹത്തിന്റെധാരണ. ഏതുരാഷ്ട്രീയക്കാരൻ നടത്തുന്നതിനേക്കാൾ നല്ല തെരഞ്ഞെടുപ്പ് പ്രചരണമല്ലേ കുചേല ദാസിന്റെ ലേഖനം. 'പ്രധാനമന്ത്രിയുടെ ശിങ്കിടി യശ്പാൽകപൂർ രാജിവെക്കും മുമ്പേ തെരഞ്ഞെടുപ്പു പ്രചരണം നടത്തിയതിനെപ്പററി അതിരുകടന്ന ബഹളം കൂട്ടുന്ന 'ദേശാഭിമാനി' രാജിവെക്കാതെ തന്നെ തെരഞ്ഞെടുപ്പുപ്രചരണംനടത്തുന്ന പത മനഃഭ, കുചേലദാസുമാർ ഇ.എം.എസിന്റെ ശിങ്കിടികളാണെന്നു ആക്ഷേപിക്കുന്നവരുടെ നേരേ കുരച്ചുചാടുന്നതു് കാണാൻരസമാണ്.

അലഹാബാദ് ഹൈക്കോടതി വിധിയെ തുടർന്നുപ്രധാനമന്ത്രി രാജിവെക്കണമെന്ന ആവശ്യത്തിനു ശക്തിവർദ്ധിച്ചിരിക്കുകയാണ്. വാസ്തവത്തിൽ ഹൈക്കോടതിവിധിയെ മാനിക്കുന്നവർ ഹൈക്കോടതിതന്നെ സ്റേറ കൊടുത്തതിനേയും മാനിക്കാൻ ബാദ്ധ്യസ്ഥരാണ്. അതുകൊണ്ടു് ഹൈക്കോടതിയുടെസ്റേറ് നിലവിലിരിക്കെ പ്രധാനമന്ത്രി രാജി വെക്കണമെന്നുആവശ്യപ്പെട്ട മൊറാജി ദേശായിയെ പോലുളളവരുടെ നിലപാടു് നീതികരിക്കാനാവില്ല. മൊറാർജി ആണെങ്കിൽ ബോംബയിൽമുഖ്യമന്ത്രിയായിരിക്കെ തെരഞ്ഞെടുപ്പിൽതന്നെ പരാജയപ്പെട്ടിട്ടും മുഖ്യമന്ത്രിയായിതുടർന്ന ആളാണ്. തോററശേഷം ആറുമാസത്തിനുളളിൽ മറെറാരുമണ്ഡലത്തിൽ നിന്ന് മൽസരിച്ചു് അദ്ദേഹംജയിക്കുകയാണ് ഉണ്ടായത്.

ഹൈക്കോടതിയുടെ വിധിയെതുടർന്നു് ഇന്ദിരാഗാന്ധിക്ക് കളങ്കമുണ്ടായതതുകൊണ്ടു് സുപ്രിംകോടതിയുടെ വിധി അനുകൂലമായുണ്ടാകണമെങ്കിൽ അതുവരെയെങ്കിലും സ്ഥാനം ഒഴിയണമെന്നാണ് മൊറാർജിയെ പോലുളളവർ പറയുന്നത്. തെരഞ്ഞെടുപ്പിൽ മൽസരിക്കുന്ന മണ്ഡലത്തിൽ പരാജയപ്പെടാൻ, പൊതുവെജനവിധി തനിക്കെതിരാണെന്നുകരുതി. മറെറാരുമണ്ഡലത്തിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്നതുവരെ സ്ഥാനമൊഴിയാൻ തോന്നാത്ത ആളാണ് മൊറാർജി ഒരുലക്ഷംവോട്ടിനുറായ്ബറേലിമണ്ഡലത്തിൽ നിന്നുജയിച്ച ഇന്ദിരഗാന്ധി മറേറതു കാര്യത്തിലും മൊറാർജിയെ അപേക്ഷിച്ചു് അഴിമതിക്കാരിയാണെന്നതിൽ തർക്കമില്ല. പക്ഷെ മൊറാർജി രാജിവെക്കാത്തതിനെ അപേക്ഷിച്ചു് ഇന്ദിരരാജിവെക്കാതിരുന്നത് അത്രവലിയ ജനാധിപത്യവിരുദ്ധ നടപടിയൊന്നുമല്ല.

അലഹാബാദ് ഹൈക്കോടതിയുടെവിധിയിൻമേൽ സോപാധികമായി സ്റേറ കൊടുത്തു കൊണ്ട് സുപ്രീം കോടതിയിൽ ജസ്ററിസ് വി. ആർ. കൃഷ്ണയ്യർ പുറപ്പെടുവിച്ച ഉത്തരവാണ് വളരെയേറെ വിചിത്രമായിരിക്കുന്നത്. കൃഷ്ണയ്യരുടെ പളപള ഇംഗ്ലീഷിൽ അദ്ദേഹം എഴുതികൂട്ടിയിട്ടുളള കാര്യങ്ങൾ പലതും ഒരു 'സ്റേറ' ഉത്തരവിനെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ്. ഹൈക്കോടതിയിൽ നിന്നു 'സ്റേറ' കിട്ടാൻ വേണ്ടി പ്രധാനമന്ത്രി പറഞ്ഞ കാരണം മറെറാരു പാർട്ടി നേതാവിനെ തെരഞ്ഞെടുക്കാൻ സമയം വേണമെന്നാണ്. വാസ്തവത്തിൽ പ്രധാനമന്ത്രിയുടെ അഭിഭാഷകൻ പൽക്കീവാലയോട് ഒരു ചോദ്യമേ കൃഷ്ണയ്യർ ചോദിക്കേണ്ട ആവശ്യമുണ്ടായിരുന്നുളളൂ. മറെറാരു നേതാവിനെ തെരഞ്ഞെടുക്കാൻ കൂടുതൽ സമയം വേണമോ എന്നു ചോദിക്കുകയും വേണമെങ്കിൽ കുറച്ചു ദിവസത്തേക്കു കൂടെ ഹൈക്കോടതിയുടെ സ്റേറ ഉത്തരവ് നീട്ടിക്കൊടുക്കുകയും ചെയ്യാം.

അതല്ലെങ്കിൽ ഹൈക്കോടതിയിൽ ബോധിപ്പിച്ചതിൽ നിന്നു വ്യത്യസ്തമായി, പുതിയ നേതാവിനെ തെരഞ്ഞെടുക്കാൻ പററാത്ത എന്തു സ്ഥിതിയാണ് ഉണ്ടായിട്ടുളളതെന്നു വ്യക്തമാക്കണമെന്നു പാൽക്കീവാലയോട് ആവശ്യപ്പെടാമായിരുന്നു.കോൺഗ്രസ് പാർളിമെൻററിപാർട്ടി ഇന്ദിരയെത്തന്നെ നേതാവായി തെരഞ്ഞെടുത്തിരിക്കുകയാണെന്നും അവരെ നേതൃസ്ഥാനത്ത് നിന്നു മാററാൻ പാർട്ടി തയ്യാറല്ലെന്നു വ്യക്തമാക്കിയിരിക്കയാണെന്നും മാത്രമേ പൽക്കിവാലക്ക് മറുപടി പറയാനൊക്കൂ. അതാണ് മറുപടിയെങ്കിൽ ഇന്നത്തെ ബൂർഷ്വാക്കോടതികളുടെ നടത്തിപ്പിൽ എറെതെങ്കിലും ബഹുമാനമുളള ഒരു ജഡ്ജിയും പിന്നെ ഈ കേസുകൾ കേൾക്കുകയില്ല. കാരണം, സുപ്രീംകോടതി എന്തു വിധിച്ചാലും ശരി, സ്റേറ തന്നാലും കൊളളാം, ഇല്ലെങ്കിലും കൊളളാം, ഇന്ദിരാഗാന്ധി തന്നെ ആയിരിക്കും പ്രധാനമന്ത്രി എന്നു പറയുന്നതിനു തുല്യമാണ് ഈ നിലപാട്. ആ സാഹചര്യത്തിൽ മാനമുളള ഒരു ജഡ്ജിയും കേസ് കേൾക്കുകയില്ല.

ഹൈക്കോടതിയിൽ, പുതിയ നേതാവിനെ തെരഞ്ഞെടുക്കാൻ സമയം വേണമെന്നു ഉന്നയിച്ച ആവശ്യം പിൻവലിച്ചു എന്നു പറയാനുളള സാമാന്യ മര്യാദ പ്രധാനമന്ത്രി കാണിക്കേണ്ടതായിരുന്നു. അങ്ങിനെ പറഞ്ഞിരുന്നെങ്കിൽ, സുപ്രീം കോടതിക്ക് വേണമെങ്കിൽ, അത് സമ്മതിക്കുകയും ചെയ്യാമായിരുന്നു. അതൊന്നും ചെയ്യാതെ, തെരഞ്ഞെടുപ്പ് കേസുകളിലെ കീഴ്വഴക്കത്തെ ആശ്രയി

ച്ചു കൊണ്ട് 'സോപാധിക' സ്റ്റേ ആണ് കൃഷ്ണയ്യർ കൊടുത്തിരിക്കുന്നത്. പാർളിമെന്റിൽ ഹാജരായിക്കൊള്ളാം. വോട്ട് ചെയ്യാൻ പാടില്ലെന്നാണ് ഉത്തരവ്. അവിടം കൊണ്ട് നിർത്തേണ്ട കാര്യമേ സുപ്രീം കോടതിക്കുള്ളൂ. എന്നാൽ പ്രധാനമന്ത്രിയായി ഇന്ദിരക്ക് തുടരാവുന്നതാണെന്നു പ്രഖ്യാപനമാണ് കൃഷ്ണയ്യർ നടത്തുന്നത്. ഈ ആവശ്യം കോടതിയിൽ ഉന്നയിച്ചിട്ടുള്ളതല്ല. അത് പറയുന്നത് കൃഷ്ണയ്യരുടെ അധികാരപരിധിയിൽപ്പെട്ട കാര്യവുമല്ല. ഭരണഘടനയനുസരിച്ച് ഇന്ദിരാഗാന്ധിക്ക് പ്രധാനമന്ത്രിയായി തുടരാനുള്ള 'ന്യായീകരണങ്ങൾ' ഒക്കെ കൃഷ്ണയ്യർ എഴുതികൂട്ടിയിട്ടുണ്ട്. ആരും ഉന്നയിക്കാത്ത കാര്യങ്ങളെക്കുറിച്ച് കൃഷ്ണയ്യർ അപ്രസക്തമായും അനാവശ്യമായും നടത്തിയിരിക്കുന്ന ന്യായീകരണങ്ങൾ ഭരണഘടനയുടെ അന്തസത്തക്ക് നിരക്കുന്നതുമല്ല.

രാഷ്ട്രപതിയുടെ ഇംഗിതപ്രകാരം പ്രധാനമന്ത്രിയെ നിയോഗിക്കാമെന്നു. അങ്ങിനെ നിയോഗിക്കപ്പെടുന്ന ആൾ ആറുമാസത്തിനുള്ളിൽ ലോകസഭാംഗമായില്ലെങ്കിൽ മന്ത്രിസ്ഥാനം നഷ്ടപ്പെടും എന്നും മറ്റുമുള്ള വകുപ്പുകളാണ് കൃഷ്ണയ്യർ ചൂണ്ടിക്കാണിക്കുന്നത്. ഇന്ദിരയുടെ കാര്യത്തിൽ ഈ വകുപ്പുകൾ ബാധകമല്ല. കാരണം, അവർ ലോക സഭാംഗമായിരിക്കെ പ്രധാനമന്ത്രിയായി നിയോഗിക്കപ്പെട്ട ആളാണ്. പുതുതായി നിയോഗിക്കപ്പെടുന്ന ആളല്ല.

ആർക്കും ആറുമാസം പ്രധാനമന്ത്രിയാകാമെന്നല്ല ഭരണഘടന പറയുന്നതിന്റെ അർത്ഥം. ലോക സഭാംഗമാകാതെ ആറുമാസത്തിൽ കൂടുതൽ ആരും പ്രധാനമന്ത്രിയോമന്ത്രിയോആയിരുന്നുകൂടെന്നാണ്. സുപ്രീംകോടതിയിൽ ഈ അപ്പീൽ നിലവിലിരിക്കേ ഇന്ദിരക്ക് ഏതെങ്കിലും ഉപതെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി മൽസരക്കാൻ അർഹത ലഭിക്കുന്നുണ്ടോ എന്നതാണ് ചോദ്യം. ഇപ്പോഴത്തെ ഭാഗികമായ അവകാശത്തോടുകൂടിയ ലോകസഭാംഗത്വം രാജിവച്ചാലും ഇന്ദിരയ്ക്ക് സ്ഥാനാർത്ഥിയായി മൽസരിക്കാൻ പറ്റുമോ? ആറുവർഷത്തേക്ക് അയോഗ്യത കൽപ്പിച്ചുകൊണ്ട് അലഹബാദ് ഹൈക്കോടതി പ്രസ്താവിച്ച വിധി സ്റ്റേചെയ്തിരിക്കയാണെന്നന്യായത്തിൽ അവർ സ്ഥാനാർത്ഥിയായാൽ മൽസരിക്കാൻ നിയമദൃഷ്ട്യാ അവകാശമുണ്ടായിരിക്കാം.

പക്ഷെ, അവർ അങ്ങിനെ തെരഞ്ഞെടുക്കപ്പെട്ടാലും ശരി, വോട്ടവകാശമില്ലാത്ത അംഗമേ ആകൂ. അവർക്ക് ആ അവകാശം സുപ്രീം കോടതി നിഷേധിച്ചിരിക്കുകയാണു്. എന്തുകൊണ്ടെന്നാൽ അലഹാബാദ് ഹൈക്കോടതി വിധിക്കുശേഷം, എന്തോ അഴിമതി നടത്തിയതായ സംശയത്തിന്റെ കരിനിഴൽ അവരുടെ മേൽപതിച്ചിരുന്നു എന്നുസുപ്രീംകോടതി കരുതുന്നു. അല്ലെങ്കിൽ വോട്ടവകാശം തടഞ്ഞുവെക്കുമായിരുന്നില്ലല്ലോ? എന്നിട്ടും അതേസുപ്രിംകോടതി പറയുന്നു. പ്രധാനമന്ത്രിആയി തുടരാൻഒരു തടസവുമില്ലെന്ന്. അതായത് നിങ്ങൾ അഴിമതിനടത്തിയതായി സംശയിക്കത്തക്ക സ്ഥിതിയുള്ളതുകൊണ്ടു് നിങ്ങൾക്ക് പാർളിമെന്റിൽ വോട്ടുചെയ്യാൻ അവകാശമില്ല. ആ സംശയമുണ്ടെങ്കിലും രാജ്യത്തെയും മന്ത്രിസഭയേയും നയിക്കുന്ന പ്രധാനമന്ത്രിയായി തുടർന്നോളൂ. എന്നു സുപ്രിംകോടതി പറയുന്നു. അഴിമതിക്കാരി എന്നു സംശയിക്കപ്പെടുന്ന ആൾ ലോകസഭയിൽവോട്ടുചെയ്യുന്നത് മഹാപാതകമാണ് സുപ്രീംകോടതിയുടെ ദൃഷ്ടിയിൽ. അത്തരക്കാരിയായ ഒരാൾ രാജ്യത്തിന്റെ ഭാവിയെ മഴുവൻ ബാധിക്കുന്ന തിരുമാനമെടുക്കുന്ന പ്രധാന മന്ത്രി യായി ഇഷ്ടം പോലെ തുടരുകയും ചെയ്യാം. ഇതിന്റെ യുക്തി കൃഷ്ണയ്യർക്കു മാത്രമേ മനസിലാകൂ എങ്കിലും നമ്മുടെ ഭരണകക്ഷി നേതാക്കളും പ്രതിപക്ഷ കക്ഷിനേതാക്കളും അദ്ദേഹത്തിന്റെ വിധിയിൽ ഒരേപോലെസന്തുഷ്ടിയുള്ളവരാണ്.

ആറുമാസത്തിനുള്ളിൽ തെരഞ്ഞെടുക്കപ്പെടുന്നില്ലായെങ്കിൽ മന്ത്രിസ്ഥാനം നഷ്ടപെടുമെന്നവ്യവസ്ഥയുടെ അർത്ഥം ആരേയും മന്ത്രിയാക്കാമെന്നല്ല. ഈ വ്യവസ്ഥയുടെ പേരിൽ 18 വയസുമാത്രം പ്രായമുള്ള ഒരാളെ മന്ത്രിയാക്കാൻ പറ്റുമോ? ലോകസഭയിലെ അംഗമാകാൻ യോഗ്യതയുള്ള ഒരാളെമാത്രമെ പ്രധാനമന്ത്രിയോ, മന്ത്രിയോ ആക്കാവൂ എന്നതാണ് ഭരണഘടനാ വ്യവസ്ഥയുടെ അർത്ഥം. നോമിനേഷൻ കൊടുക്കുമ്പോൾ നിശ്ചിത തീയതികളിൽ 25വയസായിക്കൊള്ളും എന്നു കണക്കാക്കി 25വയസാകാത്ത ഒരാൾക്ക് പ്രധാനമന്ത്രിയാകാൻ അർഹതയുണ്ടോ ? അതില്ലെങ്കിൽ പിന്നെ വോട്ടവകാശമുള്ള അംഗമായി വിധിക്കപ്പെടാനും അയോഗ്യതയെല്ലാം പൂർണ്ണമായി നീങ്ങാനും ഇടയുണ്ടെന്ന ന്യായത്തിൽ ഇന്ദിരക്ക് ഇപ്പോൾ മന്ത്രിയാകാനും അർഹതയില്ല. എല്ലാറ്റിനും ഉപരിവോട്ടു ചെയ്യാൻ അയോഗ്യത കൽപ്പിക്കപ്പെടുകയും പ്രധാനമന്ത്രിയായിരിക്കാൻയോഗ്യയാണെന്നു വിധിക്കുകയും ചെയ്യുന്നത് അങ്ങേയറ്റം വിരോധാഭാസമാണ്.

ഈ വക പ്രശ്നങ്ങൾ കോടതി മുറിക്കകത്ത് തീരുമാനിക്കേണ്ടവയല്ല. രാഷ്ട്രീയമായി തീരുമാനിക്കേണ്ടവയാണ്. ഏതോ ജഡ്ജിയുടെ നിയമ വ്യാഖ്യാനത്തിൽ മതി മറന്നു ആഹ്ളാദിച്ച് പ്രധാനമന്ത്രി രാജിവെക്കണമെന്നു വിളിച്ചുകൂവുന്നതിൽ ആത്മവിശ്വാസക്കുറവാണു പ്രകടമാകുന്നത്. വാസ്തവത്തിൽ അലഹാബാദ് ഹൈക്കോടതിയുടെ വിധിയും സുപ്രീം കോടതിയുടെ ഉത്തരവും പ്രയോജനപ്പെടുത്തേണ്ടത് തെരഞ്ഞെടുപ്പ് പരിഷ്ക്കാരങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനു വേണ്ടിയാണ്. അഴിമതികുറെയെങ്കിലും തടയുന്നതിനെ പാർളിമെന്റിന്റെ സർവ്വകക്ഷി കമ്മിററി നിർദ്ദേശിച്ച തെരഞ്ഞെടുപ്പുപരിഷ്ക്കാരങ്ങൾ ഉടനടി നടപ്പിലാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭണം സംഘടിപ്പിക്കുന്നതിനാണ് കൂടുതൽ പ്രസക്തി.

'കത്തുകൾ, പത്രാധിപർ, നിർണ്ണയം കോൺവെൻറ് റോഡ്' എന്ന മേൽവിലാസത്തിൽ അയക്കുക. പ്രസിദ്ധീകരിക്കരുതാത്ത കത്തുകളിൽ "പ്രസിദ്ധീകരിക്കരുത്", എന്നെഴുതിയിരിക്കണം.

പത്രാധിപർ.

(18-ാം പേജിൽനിന്നും തുടർച്ച)

വയ്യാത്തനേതാവായിക്കൊണ്ട് നടന്ന് സജ്ജനുരക്ഷണ പര്യടനം നടത്താനും വിദേശതാൽപ്പര്യത്തിനനുസരിച്ച് പ്രസ്താവനകൾ ഇറക്കാനും മാത്രം നടന്ന ചില പുരോഗമന പട്ടക്കാരുടെ താൽപ്പര്യമല്ലാതെ, ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിൽ ഇന്ദിര ദയനീയമായി പരാജയപ്പെട്ടു. ഭാരതത്തിലെ ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ ഒന്നും തന്നെ നിറവേററുന്നതിനു ഇന്ദിരാ സർക്കാരിനു കഴിഞ്ഞില്ല. ഭക്ഷണപ്രശ്നം രൂക്ഷമായി. തൊഴിലില്ലായ്മ പെരുകി. വിദേശക്കടം വർദ്ധിച്ചു. ഉൽപാദനം സ്തംഭിച്ചു. വിലകൾ കുതിച്ചുകയറി. നിരക്ഷരരുടെ എണ്ണം കൂടിവന്നു. ഒരു പ്രശ്നവും പരിഹരിക്കാനാവാത്ത ഇന്ദിര കൂടുതൽ പാർശ്വവർത്തികളുടേയും പാദസേവകരുടേയും തടവുകാരായി. വിദേശകിങ്കരൻമാരായ ഇവർ ഇന്ദിരായെ ഏകാധിപത്യത്തിലേയക്കു തള്ളിവിട്ടുകൊണ്ടിരുന്നു. കോൺഗ്രസിൻെറ സോഷ്യലിസ്ററ് പരിപാടികൾക്കുവേണ്ടി നിരന്തരം വാദിച്ച ചന്ദ്രശേഖറും കൂട്ടുകാരും ഈ വിദേശകിങ്കരൻമാരുടെ ഇഷ്ടക്കാരായിരുന്നില്ല അതിനാൽ കോൺഗ്രസിൽനിന്നു അവരെ പുറം തള്ളാൻ ഇന്ദിരയുടെ പാർശ്വവർത്തികൾ പദ്ധതി തയ്യാറാക്കിയിരുന്നു.

ഇന്ദിര ഇനി കൂടുതൽ കൂടുതൽ സ്വേച്ഛാധിപത്യത്തിലേക്ക് വഴുതിവീഴുമെന്നു തീർച്ചയാണ്. വിദേശക്കോയ്മകളുടെ സഹായത്തോടെ ഈ സ്വേച്ഛാധിപത്യം നിലനിർത്താൻ അവർ താന്തോന്നിത്തങ്ങൾ കാട്ടികൂട്ടുകയും ചെയ്യും. അത് സോഷ്യലിസ്ററ് പരിപാടി നടപ്പിലാക്കാനുള്ള സ്വേച്ഛാധിപത്യമാണെന്നു ആരും ധരിക്കേണ്ടതില്ല. സിലോണിൽ ബണ്ടാരനായകയും ബംഗ്ലാദേശിൽ ഭുജിബ് റഹിമാനും ഈജിപ്തിൽ സാദത്തും പാക്കിസ്ഥാനിൽ ഭൂട്ടോയും നടപ്പാക്കുന്ന രൂപത്തിലുള്ള സോഷ്യലിസമായിരിക്കും അത്. വിദേശക്കോയ്മകൾ അവരുടെ താൽപര്യത്തിനുവേണ്ടി വാഴിക്കുന്ന കൊള്ളരുതാത്തവരുടെ തേർവാഴ്ച തന്നെയാണവിടങ്ങളിൽ. സാമാന്യജനങ്ങൾ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും തുടരുകതന്നെ ചെയ്യും. രാജ്യതാൽപര്യത്തെക്കാൾ സ്വാർത്ഥതാൽപര്യമുള്ള ഇത്തരം സ്വേച്ഛാധികാരികളെ സഹായിക്കുന്നതാണ് വിദേശക്കോയ്മകൾക്കിഷ്ടം. കാരണം. അവികസിത രാജ്യങ്ങളിലെ അസംസ്കൃത സാധനങ്ങൾ കവർന്നെടുക്കാനും അദ്ധ്വാനം ചൂഷണം ചെയ്യാനും വിദേശകോയ്മകൾക്ക് അവസരം ഉണ്ടാക്കികൊടുക്കുക അത്തരം സ്ഥാനമോഹികളായ നേതാക്കളാണല്ലോ. വിദേശികളുടെ സഹായത്തോടെ ഇത്തരം ചെററ നേതാക്കളെ ഉപയോഗിച്ചു സോഷ്യലിസം കൊണ്ടുവരുമെന്നു വ്യാമോഹിക്കുന്നവരുണ്ടെങ്കിൽ അവർ വിഡ്ഢികളാണ്.. കമ്യൂണിസ്ററുകളെ ജയിലിലടച്ച് പീഡിപ്പിക്കുന്ന സ്വേച്ഛാധികാരികളെ സഹായിക്കുന്നതിൽ സോഷ്യലിസ്ററ് രാജ്യങ്ങളും ഇന്നു പരസ്പരം മൽസരിക്കുന്നുണ്ടെന്നു ഓർക്കുന്നത നന്ന്.

ഭാരതത്തിലെ സാധാരണ സ്ത്രീപുരുഷൻമാർക്ക് ആനുകൂല്യം നൽകുന്നതിനുള്ള ചില പുരോഗമനപരിപാടികൾ എടുക്കാൻ ആരംഭിച്ചപ്പോൾ തന്നിക്കെതിരെ പിൻതിരിപ്പൻ ശക്തികൾ ഗൂഢാലോചന നടത്തിതുടങ്ങിയെന്നു ഇന്ദിര ഇന്നു അവകാശപ്പെടുന്നുണ്ട്. ഈ നാട്ടിലെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എല്ലാ സോഷ്യലിസ്ററുകാരും ഇന്ദിരയുടെ ഭാഗത്തുനിന്നുള്ള ചെറിയ പുരോഗമന നടപടിയെപ്പോലും അനർത്ഥമായി പ്രശംസിച്ചു സ്വാഗതം ചെയ്തിട്ടുണ്ടെന്നാണ് സത്യം. അതാണ് പാർളിമെൻറിലും മററും അവർക്ക് വമ്പിച്ച ഭൂരിപക്ഷം ലഭിക്കാൻ ഇടയാക്കിയതും. എന്നിട്ടും കഴിഞ്ഞ അഞ്ചു വർഷമായി സ്ഥാനസംരക്ഷണം മാത്രം പരിപാടിയാക്കി, മകനെ കാറുമുതലാളിയാക്കുന്നതിൽ കവിഞ്ഞ ഒരു പുരോഗമന നയവും കൈകൊള്ളാതെ വാഴ്ച നടത്തിയ ഇന്ദിരക്ക് എതിരെ പിന്തിരിപ്പൻമാർ ഗൂഢാലോചന നടത്തുന്നുണ്ടെന്ന കെട്ടുകഥ വിലപ്പോവുകയില്ല ഇന്ദിര അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ സംഘർഷം സ്വാഗതം ചെയ്തതും ഘോഷയാത്ര നടത്തിയതും കുത്തക മുതലാളിമാരുടെ വാണിജ്യമണ്ഡലങ്ങളാണ്. സ്വന്തം താൽപ്പര്യത്തിനു കടുകിട കോട്ടമുണ്ടാക്കാത്ത ഇന്ദിരാഭരണത്തെ അവർ സ്തുതിച്ചില്ലെങ്കിൽ മാത്രമേ അൽഭുതമുള്ളു

പിന്തിരിപ്പൻമാരുടെ ഗൂഢാലോചനക്കും ആക്രമണങ്ങൾക്കും ഇന്ദിര നൽകുന്ന ഉദാഹരണങ്ങളാണ് രസാവഹം. റെയിൽവേമന്ത്രിയായിരുന്ന എൽ. എൻ. മിശ്രയെ വധിച്ചു, ചീഫ് ജസ്ററീസ് റേയെ ആക്രമിച്ചു. ചിലർ സായുധസേനയോടും പോലീസിനോടും അനുസരണക്കേട് കാണിക്കാൻ ആഹ്വാനം ചെയ്തു. ഇതൊക്കെയാണ് ഇന്ദിര തൻെറ ഭ്രാന്തൻനടപടിക്ക് നീതീകരണം നൽകാൻ ഹാജരാക്കുന്ന തെളിവുകൾ. മഹാത്മാഗാന്ധിയെ വെടിവെച്ചുകൊന്നു എന്നും ഫാസിസ്ററ് കുതിര തന്നെതട്ടിയിട്ട് വിരലിൽ പരിക്കേൽപ്പിച്ചു എന്നുംകൂടെ തെളിവുകളുടെ കൂട്ടത്തിൽ എഴുതിച്ചേർക്കാഞ്ഞത് മഹാഭാഗ്യം തന്നെ.

എൽ. എൻ. മിശ്രയുടെ വധത്തെക്കുറിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ദിരയുടെ താൽപര്യത്തിനു അനുസരിച്ചാണ് എൽ. എൻ. മിശ്രവധിക്കപ്പെട്ടതെന്നു കരുതുന്ന ചിലരെങ്കിലും ഈ നാട്ടിലുണ്ട്. ചീഫ് ജസ്ററീസ് റേയുടെ നേരെ നടത്തുന്ന ആക്രമണവും അതിനു മുമ്പ് ഏതോ ഭ്രാന്തൻ സുപ്രീം കോടതി ചീഫ് ജസ്ററീസിനുനേരെ കത്തിയുമായി ചെന്നതും മററുമാണ് അഭ്യന്തര സുരക്ഷിതത്വത്തിൻെറ പേരിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാൻ കണ്ടെത്തുന്ന ന്യായങ്ങൾ എങ്കിൽ അതിനെക്കാൾ ഗുരുതരമായ സംഭവികാസങ്ങൾ ഇവിടെ പലപ്പോഴും നടന്നിട്ടുണ്ടെന്നു ചൂണ്ടികാണിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല 'കള്ളൻകട്ട് എട്ടാംപക്ക'ത്തല്ലാ അടിയന്തിരാവസ്ഥയുണ്ടാകുന്നത്.

ഒരടിയന്തിരാവസ്ഥയുമില്ലാതെ ഒരു സംസ്ഥാന തെരെഞ്ഞെടുപ്പ് ഭംഗിയായി നടന്നിരിക്കെ അതിനുമുമ്പ് കഴിഞ്ഞ സംഭവങ്ങളുടെ പേരിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിനു എന്താണ് യുക്തി? ഈ നാട്ടിൽ ആരും തന്നെ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കണമെന്നു അഭ്യർത്ഥിച്ചിട്ടില്ല പ്രഖ്യാപിച്ചശേഷം അതിനെ ശ്ലാഘിക്കുന്ന കെ. പി. സി. സി ക്കാരെ പോലുള്ളവർ ധാരാളമുണ്ടെന്നത് ശരിയാണ്. അതിൻെറ പിന്നിൽ 'ദീപസ്തംഭമഹാശ്ചര്യം' എന്ന

പ്രശംസയിൽ കവിഞ്ഞൊന്നുമില്ലെന്നും ചിന്തിക്കുന്നവർക്കൊക്കെ അറിയാം. മാസങ്ങൾക്കും വർഷങ്ങൾക്കും മുമ്പ് കഴിഞ്ഞ കാര്യങ്ങളെ ചൊല്ലി അഭ്യന്തരമായ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനെ അംഗീകരിക്കാൻ ഇന്ദിരയുടെ പാദസേവകരെ കഴികെ ആരെയും കിട്ടുമെന്നു കരുതേണ്ടതില്ല.

ജയപ്രകാശ്നാരായണൻ പട്ടാളത്തേയും പോലീസിനേയും ആഹ്വാനം ചെയ്തതിനെപ്പററിയാണ് ഇന്ദിരവേവലാതിപ്പെടുന്നത്. സൈന്യത്തോട് നിയമാനുസൃത ഉത്തരവുകളെഅനുസരിക്കാവൂ എന്നാണ് അദ്ദേഹംപറഞ്ഞത്. സൈന്യത്തോട് നിയമം ലംഘിക്കാൻ പറയണമായിരുന്നുവോ? താൻപറഞ്ഞത് തെററാണെങ്കിൽ തന്നെപ്രോസിക്യൂട്ടുചെയ്യാൻ അദ്ദേഹം വെല്ലുവിളിച്ചിട്ടുണ്ട്. അഞ്ചാറു മാസംമുമ്പും ജയപ്രകാശ് ഇതുപറഞ്ഞിരുന്നു. അന്നൊന്നും ഇല്ലാതിരുന്ന അടിയന്തിരാവസ്ഥ പിന്നീട് എങ്ങിനെ ഉണ്ടായി? പോരാത്തതിന് നമ്മുടെ പട്ടാളവും പോലീസും നല്ല അച്ചടക്കവും അനുസരണയുമുള്ള വരാണെന്നും അവർ ഇടന്തടി ആകുകയില്ലെന്നും ഇന്ദിര തന്നെ ഉറപ്പിച്ചുപറയുന്നുണ്ട്. എന്നിട്ടും ജയപ്രകാശ്നാരായണൻ സൈന്യത്തെ ഉപദേശിച്ചതിനെച്ചൊല്ലി അടിയന്തിരാവസ്ഥ കണ്ടെത്തുന്നത് ആട്ടിൻകുട്ടിയോട് ചെന്നായ പറഞ്ഞ ന്യായത്തേക്കാൾ യുക്തിഹീനമാണ്.

മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിൽ പത്രങ്ങൾക്കും പ്രചരണത്തിലും ഇന്ദിരയുടെ തീട്ടൂരം വാങ്ങിച്ചിരിക്കണമെന്നും വ്യവസ്ഥയുണ്ടാക്കിയിരിക്കുന്നു. ആർക്കും ദഹിക്കാത്ത ഈ അടിയന്തിരാവസ്ഥയുടെ ആവശ്യത്തെക്കുറിച്ച് ആരെങ്കിലും സംശയിച്ചാലോ എന്നാണ് ഇന്ദിരയുടെ ഭയം. ചന്ദ്രശേഖറിനേയും കൂട്ടുകാരേയും തടവിലാക്കിയശേഷം പുരോഗമന പ്രചരണം നടത്തി രക്ഷപെടാൻ പത്രസ്വാതന്ത്ര്യം അനുവദിച്ചാൽ സാദ്ധ്യമല്ലെന്നും ഇന്ദിരയ്ക്ക് അറിയാം. അതുകൊണ്ട്തന്നെയാണ് സ്വാതന്ത്ര്യത്തിനു ശേഷം ആദ്യമായി മുമ്പുണ്ടായിട്ടുള്ളതിനേക്കാൾ രൂക്ഷമായി ഇന്ദിര പത്രങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. ഭാരതത്തിലെ എല്ലാ വൻകിട പത്രങ്ങളും തന്നെ ഇന്ദിരയ്ക്കു സ്തുതിപാടുന്നതിൽ പരസ്പരം മൽസരിക്കുകയാണ് പത്രങ്ങളെ വ്യവസായ വാണിജ്യതാൽപര്യങ്ങളിൽ നിന്നു വേർപെടുത്തണമെന്നആവശ്യംഭാരതത്തിലെ ഇന്ദിരാനുകൂലികളായ പത്രപ്രവർത്തക സംഘടനയുൾപ്പെടെയുള്ളവർ പലതവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽപത്രങ്ങളുടെ സംരക്ഷണം ഏറെറടുത്തിട്ടുള്ള ഇന്ദിര അതിനുതയ്യാറായില്ല. പക്ഷെ തൻെറ സ്ഥാനം അപകടപ്പെടുന്നവിധം വാർത്തകൾ ജനങ്ങൾ അറിയാൻ ഇടയാകുമെന്നുകണ്ടപ്പോൾ ഇന്ദിര വാർത്തകൾ സെൻസർ ചെയ്യാനും മടികാണിച്ചില്ല.

സ്ഥാനസംരക്ഷണത്തിനുവേണ്ടി ആഭ്യന്തരസുരക്ഷിതത്വത്തിൻെറ പേരിൽ എന്തുതോന്ന്യാസവുംകാണിക്കാൻ ഇന്ദിര മടിക്കുകയില്ലെന്നു വ്യക്തമായിക്കഴിഞ്ഞു. ഹിന്ദുപ്രക്ഷോഭണമോ, വർഗീയലഹളയോ, ഹിന്ദിവിരുദ്ധ പ്രക്ഷോഭണമോ, അതിർത്തി തർക്കമോ നക്സൽബാരി പ്രസ്ഥാനമോ, തെലുങ്കാനാ പ്രക്ഷോഭണമോ, നടന്നപ്പോൾ ഒന്നും ഉണ്ടാകാത്തവിധം ആഭ്യന്തര സുരക്ഷിതത്വം അപകടപ്പെട്ടുവെന്നു പ്രഖ്യാപിക്കാൻ ഇന്ദിരയെ പ്രേരിപ്പിച്ചത് കോൺഗ്രസിനകത്ത് നിന്നുണ്ടായ എതിർപ്പാണെന്നും വ്യക്തമായിക്കഴിഞ്ഞു. ഇന്ദിരയുടെ പ്രധാനമന്ത്രിസ്ഥാനം അപകടത്തിലായതാണ്, യഥാർത്ഥത്തിൽ ആഭ്യന്തരസുരക്ഷിതത്വം അപകടത്തിലാണെന്നു തീരുമാനിക്കാൻ കാരണമായത്. അതിൻെറഫലം ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ആകെയുണ്ടായിരുന്ന സ്വാതന്ത്ര്യം കൂടെ നഷ്ടപ്പെട്ടിരിക്കുന്നു. 'ഞങ്ങൾ ദുരിതമനുഭവിക്കുന്നു' എന്നുസത്യം പറയാൻ കൂടെ വയ്യാത്തവിധം ഇന്ദിര ജനങ്ങളുടെ വായ്മൂടികെട്ടിയിരിക്കുന്നു.

ഈ ദുരിതങ്ങളും അപമാനങ്ങളും ഇനിയും ഏൽക്കുമോ എന്ന വെല്ലുവിളിയാണ് ഓരോ ദേശാഭിമാനിയും ഇന്നുസ്വയം ചോദിക്കേണ്ടത്. സ്വന്തം സ്ഥാനം സംരക്ഷിക്കുന്നതിനു ഭാരതത്തെ വിദേശക്കോയ്മകൾക്ക് അടിയറവെക്കാൻ ഇന്ദിരയെ അനുവദിച്ചു കൂടാ. ഇന്നലെ വരെ കുത്തക മുതലാളിമാരുടെ വിശ്വസ്ത കൂട്ടുകാരിയായി, മകനെ മുതലാളിയാക്കാൻ ഒരുമ്പെട്ടിറങ്ങിയ ആസ്ത്രീ നാളെ പാവങ്ങളുടെ മോചനത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുമെന്നു കരുതി ആരും വിഡ്ഢിയായിക്കൂടാ. ഭാരതജനതക്കെതിരായി ഇന്ദിര ഉയർത്തിയിരിക്കുന്ന ഈ വെല്ലുവിളിയെ നാം നേരിടണം. ആത്മാഭിമാനത്തിൻെറ കണികയെങ്കിലും അവശേഷിച്ചിട്ടുള്ള കോൺഗ്രസുകാരുണ്ടെങ്കിൽ അവർഇന്ദിരയോടു ചോദിക്കട്ടെ. എന്തു പുരോഗമനത്തെ എതിർത്തതിൻെറ പേരിലാണ കോൺഗ്രസുകാരായ ചന്ദ്രശേഖറിനേയും സഹപ്രവർത്തകരേയും കൽതുറങ്കിലടച്ചതെന്ന്?

യുവാക്കൾക്കും വിദ്യാർത്ഥികൾക്കും ഈ ഭീഷണിയെ നേരിടാൻ പ്രത്യേകം ചുമതലയുണ്ട്. ഇന്ദിരയുടെ സ്വേഛാധിപത്യം തങ്ങൾ പൊറുക്കുകയില്ലെന്നു പ്രഖ്യാപിച്ചുകൊണ്ട് എല്ലാവിദ്യാലയങ്ങളും ഇളകിമറിയുകതന്നെ വേണം. സ്വാർത്ഥലാഭത്തിനുംഉപരിഎന്തെങ്കിലും രാഷ്ട്രീയകടമയുണ്ടെന്നുകരുതുന്ന തൊഴിലാളി സംഘടനകൾ ഉണ്ടെങ്കിൽ ഉണർന്നെഴുന്നേൽക്കട്ടെ. ഇത്രയും നാൾ അധികാരസ്ഥാനത്തിരുന്ന് മുതലാളിത്തത്തെ താലോലിച്ചതിന് ഇന്ദിരയെക്കൊണ്ട് മാപ്പുപറയിച്ചേതീരൂ,

നമുക്ക് കാത്തിരിക്കാൻ സമയമില്ല. വിദേശക്കോയ്മകൾവാഴിച്ച സമാന്തരരാജാക്കൻമാരായി ഭാരതത്തിൻെറ ഭരണംതുടരാൻ ഇന്ദിരയേയും പാർശ്വവർത്തികളേയും അനുവദിച്ചുകൂടാ. ഭാരതത്തിൻെറ അഭ്യന്തര സുരക്ഷിതത്വം ഇന്നു ഇന്ദിരയുടെ കൊള്ളരുതായ്മകൾ കൊണ്ട് അപകടപ്പെട്ടിരിക്കുകയാണ്. ഈ അപകടത്തിൽ നിന്നു രാജ്യത്തെ രക്ഷിക്കാൻ കക്ഷിഭേദമന്യേ അണിനിരക്കേണ്ട അടിയന്തിരാവസ്ഥയാണു ഇന്നുണ്ടായിരിക്കുന്നത്.

Printed at Empees Press.
G. P. Road, Ernakulam,

(2-ാം പേജിൽ നിന്നും തുടർച്ച)

കോൺഗ്രസിൽ പരിപാടിയുടെ പേരിൽ ഭിന്നിപ്പിനു നേതൃത്വം നൽകാൻ ഇന്ദിരയെ പ്രോൽസാഹിപ്പിച്ചവരും സഹായിച്ചവരുമാണ് ചന്ദ്രശേഖറും കൂട്ടുകാരും. 1968ൽ ബാംഗ്ളൂരിൽ നടന്ന എ. ഐ. സി. സി. സമ്മേളനത്തിൽ ചന്ദ്രശേഖർ ചെയ്ത പ്രസംഗം കോൺഗ്രസിന്റെ പത്തിനപരിപാടികൾ ഉടനടി നടപ്പിലാക്കാനുള്ള ആഹ്വാനമായിരുന്നു. കുത്തകമുതലാളി യായബിർളയുടെ അഴിമതിനിറഞ്ഞ ഇടപാടുകൾ പാർലമെന്റിൽ പുറത്തുകൊണ്ടുവന്ന ആളാണ് അദ്ദേഹം. ഈ ഇടപാടുകളെക്കുറിച്ച് അന്വേഷണം നടത്തി കുററവാളികളെ ശിക്ഷിക്കണമെന്ന് ചന്ദ്രശേഖർ ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ വാരികയായ 'യങ്ങ് ഇന്ത്യനി'ൽ ചന്ദ്രശേഖർ ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിറവേററാതെ പുരോഗമനം പ്രസംഗിക്കുന്നതിനെ ഷൂദരിച്ചിട്ടുണ്ട്. മന്ത്രിസ്ഥാനം വെച്ചുനീട്ടി പ്രലോഭിപ്പിച്ച് ചന്ദ്രശേഖറെ പാട്ടിലാക്കാൻ ഇന്ദിരക്കും മററും സാധിച്ചിട്ടില്ല.

മന്ത്രിയായിരിക്കെ തന്നെ മോഹൻധാരിയ ആസൂത്രണകമ്മീഷന്റെ പരിഗണനക്ക് സമർപ്പിച്ച നിർദേശങ്ങൾ പിന്തിരിപ്പനാണെന്നു പറയാൻ ആർക്കും ആവില്ല. തന്റെനിർദേശങ്ങൾ നടപ്പിലാക്കിക്കാൻ മന്ത്രിയായിരുന്നു കൊണ്ടു് മോഹൻധാരിയ സമ്മർദ്ദംചെലുത്തി. ജയപ്രകാശ്നാരായണന്റെ നേതൃത്വത്തിലുള്ള പ്രക്ഷോഭണത്തെ ശക്തിഉപയോഗിച്ചു് എതിരിടാതെ കൂടിയാലോചിച്ചു് പരിഹാരംഉണ്ടാക്കാൻ ആവശ്യപ്പെട്ടു. പൗരനുംപൗരനും തമ്മിൽ വരുമാനത്തിലുള്ള അന്തരം പത്തിരട്ടിയിൽ കവിയരുതെന്നു പ്രതിപക്ഷകക്ഷികൾ ആവശ്യപ്പെടുന്നത് അവർജനസംഘക്കാരോ, ബി. എൽ. ഡി. ക്കാരോ, സംഘടനാകോൺഗ്രസുകാരോ ആയിക്കൊള്ളട്ടെ പിന്തിരിപ്പൻ ആവശ്യമാണെന്നു പറയാൻ ധാരിയതയ്യാറായില്ല. ഇന്ദിരവാഴ്ച നടത്തിയശേഷം ആദ്യമായികോൺഗ്രസിൽ ഒരാൾ മന്ത്രിസ്ഥാനം നഷ്ടപ്പെടാൻ തയ്യാറായിക്കൊണ്ടു് നേതൃസ്ഥാനികളെ വെല്ലുവിളിച്ചു.

ചന്ദ്രശേഖറിന്റേയും മോഹൻധാരിയയുടേയും എതിർപ്പ് ഭീരുക്കളും സ്ഥാനമോഹികളുമായ കോൺഗ്രസുകാരിൽതന്നെ പലരേയും തട്ടിയുണർത്തിയിരുന്നു. സ്ഥാനം നഷ്ടപ്പെടാൻഇഷ്ടപ്പെടുന്നവരല്ലെങ്കിലും ശരി, ന്യായം പുലർന്നുകാണാൻ ആഗ്രഹിക്കുന്ന ചിലർ കോൺഗ്രസിലുണ്ടെന്നു പാർലിമെന്ററിപാർട്ടിയുടെ ഭാരവാഹികളെ തെരഞ്ഞെടുത്തപ്പോൾ വ്യക്തമാക്കി. രഹസ്യമായി നടന്നവോട്ടെടുപ്പിൽ ഇന്ദിരയുടെ ശിങ്കിടികളെ തറപററിച്ചുകൊണ്ട് ചന്ദ്രശേഖർ,മോഹൻധാരിയ എന്നിവരുടെ കൂട്ടുകാരനായ രാംധൻ പാർലിമെന്ററിപാർട്ടിയുടെ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. രാംധന്റെ വിജയത്തിൽ കൊച്ചിയിൽവച്ച് ജയപ്രകാശ്നാരായണൻ പരസ്യമായി സന്തുഷ്ടി പ്രകടിപ്പിച്ചു.

തന്റെ സ്ഥാനംഅപകടത്തിലാണെന്ന് ആശങ്കിക്കുമ്പോഴൊക്കെ അന്തംവിട്ട ചെയ്തികൾ നടത്താൻ മുതിർന്നിട്ടുള്ള ഇന്ദിരയും അവരെ ക്കൊണ്ടു നടക്കുന്നവരും ഇപ്പോൾ ചന്ദ്രശേഖറിനേയും,മോഹൻധാരിയയേയും രാംധനേയുംതടവിലാക്കിയിരിക്കയാണ്. പുരോഗമനനടപടികളെടുക്കാൻവേണ്ടിയാണ് മൊറർജിയേയും ജയപ്രകാശ് നാരായണനേയും തടവിലാക്കിയതെന്നു നുണപ്രചരണം നടത്തുന്ന ഇന്ദിരയും കൂട്ടരും ജനങ്ങളോടു സമാധാനം പറയേണ്ടതായ ഒരു ചോദ്യമുണ്ട്. ഏന്തു പുരോഗമന നടപടിയെ ആണു് ചന്ദ്രശേഖറും കൃഷ്ണകാന്തും മോഹൻധാരിയയും രാംധനും എതിർട്ടുള്ളതു് സ്വന്തം കക്ഷിക്കാരായഇവരെഎന്തിനു് തടവിലാക്കി? എ.ഐ.സി.സി. യോഗത്തിൽ ബഹുഭൂരിപക്ഷം അംഗങ്ങളുടെ പിന്തുണയോടെ കോൺഗ്രസ്വർക്കിങ്ങ് കമ്മററിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടനേതാവാണ് ചന്ദ്രശേഖർ. കോൺഗ്രസ് പാർളിമെന്ററി പാർട്ടിയിൽ ഭൂരിഭാഗംഅംഗങ്ങളുടെ വോട്ടുനേടി സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ആളാണ്രാംധൻ.

രാജ്യത്തിന്റെ അഭ്യന്തര സുരക്ഷിതത്വത്തെ അപകടപ്പെടുത്തുന്നവരാണെന്നു ആരോപിച്ചുകൊണ്ട് ഇവരെയെല്ലാം പുലരിയിൽ തടവിലാക്കുവാൻ ഇന്ദിരയ്ക്കും പാർശ്വവർത്തികൾക്കും ധൈര്യമുണ്ടായത് കഴിഞ്ഞ കുറെ നാളുകളായി കോൺഗ്രസിനകത്തെ ഉൾപാർട്ടി ജനാധിപത്യം തകർത്തതിന്റെ പരിണതഫലമാണ്. കോൺഗ്രസിനകത്ത് ജനാധിപത്യമര്യാദകൾ തകരുമ്പോൾ രാജ്യത്തെ ജനാധിപത്യവും അപകടത്തിലാകുമെന്നും കക്ഷികളുടെ താൽപര്യം രാജ്യത്തിന്റെ താൽപര്യമായും നേതാവിന്റെ താൽപര്യം കക്ഷിയുടെ താൽപര്യമായും വ്യഖ്യാനിക്കപ്പെടുമെന്നും പരിവർത്തനവാദികൾ നിരന്തരം അനുസ്മരിപ്പിച്ചിട്ടുണ്ട്.

ഇന്നു 'ഇന്ത്യയാണ് ഇന്ദിരയെന്നും ഇന്ദിരയാണ് ഇന്ത്യ'യെന്നും ലജ്ജാലേശമില്ലാതെ വിളിച്ചുകൂവുന്ന കോൺഗ്രസ് പ്രസിഡന്റ് ഡി. കെ. ബറുവ എങ്ങിനെയാണ് ആ സ്ഥാനത്തെത്തിയത്? കോൺഗ്രസ് പ്രസിഡണ്ട് സ്ഥാനത്തിനു കുട്ടികൂരങ്ങിന്റെ നിലയുണ്ടാക്കിയ ശങ്കർദയാൽ ശർമ്മയെ തുടർന്നുവന്ന ബറുവ തെരഞ്ഞെടുക്കപ്പെട്ട ആളല്ല. ഇന്ദിരാഗാന്ധി പ്രസിഡന്റ് സ്ഥാനത്ത് നിയമിച്ച ആളാണ്. പ്രസിഡന്റ് സ്ഥാനം രാജിമൂലം ഒഴിയുന്ന പക്ഷം എ. ഐ. സി. സി. യോഗം അടിയന്തിരമായി വിളിച്ചുകൂട്ടി പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ വർക്ക് കമ്മററിക്കു ചുമതലയുണ്ടെന്നാണ് കോൺഗ്രസ് ഭരണഘടന അനുശാസിക്കുന്നത്. എന്നാൽ എ. ഐ. സി. സി. യോഗം പല മാസങ്ങളായി ചേർന്നിട്ടില്ലെന്നുതന്നെയല്ല, കോൺഗ്രസ് വർക്കിങ്ങ് കമ്മററിയുടെ യോഗം പോലും ചേരുന്നപതിവ് ഇന്ദിരയുടെ ഭക്തനായ ബറുവയും കൂടെ വേണ്ടെന്നു വെച്ചിരിക്കുന്നു.

കോൺഗ്രസിന്റെ ഏററവും സമുന്നത സ്ഥാനത്ത് നിന്നു ഉണ്ടാകുന്ന ഈ താന്തോന്നിത്തങ്ങൾ സ്വാഭാവികമായു് പ്രദേശ് കമ്മിററികളിലേക്കും ജില്ലാ കമ്മിററികളിലേക്കും വ്യാപിച്ചിട്ടുണ്ട്. ഒരു തത്വദീക്ഷയുമില്ലാതെ പാർട്ടിയുടെ സമുന്നതസമിതികളിൽ നിന്നു ഇഷ്ടമില്ലാത്ത വരെ പുറത്താക്കാൻ പ്രദേശ് നേതാക്കൾ മടികാണിച്ചിട്ടില്ല. കേരളത്തിലുൾപ്പടെ കമ്മിററികൾ യോഗം ചേരാറില്ല.

കോൺഗ്രസുകാരിൽ ആത്മാഭിമാനവും നീതിബോധവും അവശേഷിച്ചിട്ടുള്ളവരുണ്ടെങ്കിൽ, ഇതാണ് സന്ദർഭം. വർക്കിങ്ങ് കമ്മററി മെമ്പർ ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ് നേതാക്കളെ തടവിലാക്കിയതിനു വ്യക്ത

## കുറിപ്പുകൾ തുടർച്ച

മായ കാരണം തങ്ങൾക്കറിയണമെന്നു അവർ നേതൃത്വത്തോടു ആവശ്യപ്പെടുമോ? അടിയന്തിരമായി എ. ഐ. സി.സി. യോഗം വിളിച്ചുകൂട്ടി കോൺഗ്രസ് പ്രസിഡണ്ട് ബറുവയും പ്രധാനമന്ത്രി ഇന്ദിരയും തങ്ങളുടെ നടപടികൾക്ക് വിശദീകരണം നൽകണമെന്നു ആവശ്യപ്പെടുമോ? അച്ചടക്കം അടിമത്തമല്ലെന്നു പറയാൻ അവരിൽ ആർക്കു കഴിയും? കോൺഗ്രസിൽ അതിനു ധൈര്യമുള്ളവരുണ്ടാകുന്നില്ലെങ്കിൽ, ഒരുനൂറ്റാണ്ടോളം ഈ രാജ്യത്തിന്റെ ഭാഗധേയം നിർണ്ണയിച്ച മഹത്തായ കോൺഗ്രസ് ഇതോടെ മണ്ണടിയുമെന്നു തീർച്ചമാണ്.

കോൺഗ്രസിനെ കോൺഗ്രസാക്കിയിട്ടുള്ള സവിശേഷത പരിവർത്തനവാദികൾ മനസിലാക്കിയിട്ടുണ്ട്. ",ബ്രിട്ടനോട് നിവേദനം നടത്തുന്നതിൽ നിന്നുതുടങ്ങി, നിസഹകരണം, നിയമലംഘനം, നിയമസഭാപ്രവേശനം, എന്നീ പരിപാടികൾ കഴിഞ്ഞ് ബ്രിട്ടനെ നിഷ്കാസനം ചെയ്യുന്നതുവരെയുള്ള കോൺഗ്രസ് പരിപാടികൾ നിരന്തരമായ പരിവർത്തനത്തിന്റെ നീരൊഴുക്കുകൊണ്ട് കോൺഗ്രസിനു നിത്യയൗവനം നൽകിയിരുന്നു." (കോൺഗ്രസ് പരിവർത്തനവാദികളുടെ അവകാശപ്രഖ്യാപനം) നിർണ്ണായകമായ ഈ നാളുകളിൽ സംഘടനയിൽ തളം കെട്ടിക്കിടന്നു നാറുന്ന അടിമത്തം പൊട്ടിച്ചെറിഞ്ഞ് പരിവർത്തനത്തിന്റെനീരൊഴുക്ക് തുറന്നു വിടാൻ ആരെങ്കിലുമുണ്ടോ? കോൺഗ്രസുകാർ സ്വയം ചിന്തിക്കട്ടെ—

ഇന്ദിരയുടേയും പിതാവിന്റേയും ഭാരം ചുമന്നു ഭാരതംതളർന്നുകഴിഞ്ഞു. സ്വന്തം സ്ഥാനം സംരക്ഷിക്കാൻ രഹസ്യമായും പരസ്യമായുമുള്ള അടവുകൾ പയററി ഒരു പരിവർത്തനവുംവരുത്താതെ രാജ്യത്തെ നിശ്ചലാവസ്ഥയിൽ തള്ളിവിട്ടവരിൽ ഇന്ദിരയും അവരുടെ പിതാവ് ജവഹർലാൽനെഹ്രുവും തന്നെയാണ് മുന്നിട്ടുനിൽക്കുന്നവർ. അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാനുള്ള കാരണം അറിയിച്ചുകൊണ്ട് ഇന്ദിരാഗാന്ധി പറയുന്നു "എന്റെ ശൈശവം മുതൽ ഭാരതജനതക്ക് എന്നെ അറിയാം. എന്റെ ജീവിതംമുഴുവൻ നമ്മുടെ ജനതയുടെ സേവനത്തിനാണ് വിനിയോഗിച്ചിട്ടുള്ളത്",

ഇന്ദിരയെ ഭാരതജനതക്ക് ശൈശവം മുതൽ അറിയാവുന്നത് സത്യമാണ്. ജവഹർലാലിനേയും ഇന്ദിരയേയും സ്വന്തം കുഞ്ഞുങ്ങളെ പോലെ ഒന്നുംതിരിച്ചുപ്രതീക്ഷിക്കാതെതന്നെ ഭാരതജനതസ്നേഹിച്ചിട്ടുണ്ട്. അവരെ തോളിലേററി നടത്തിയിട്ടുണ്ട്. പക്ഷെ, ജനതയുടെ തോളിലിരുന്നുകൊണ്ട് അവരുടെ ചെവികടിക്കുകയാണ് പിതാവും പുത്രിയും ചെയ്തതെന്നു് ഇന്നുചുരുക്കം ചിലരെങ്കിലും മനസിലാക്കുന്നു. നാളെഅത് ചരിത്ര സത്യമായി അറിയപ്പെടുകയും ചെയ്യും. ഇന്ദിരശൈശവം മുതൽ എന്തുജനസേവനമാണ് നിർവഹിച്ചതെന്ന് വിവേചനാശീലമുള്ളവർക്ക് മനസിലാക്കാനാവുന്നില്ല.

ഇന്ദിരയെക്കാൾ ത്യാഗവും രാജ്യസേവനപാരമ്പര്യവുമുള്ളവരെ അധികാരമുപയോഗിച്ച് കൽതുറുങ്കിലടച്ചിട്ടുകൊണ്ട് തന്റെസേവനപാരമ്പര്യം സ്വയംപാടിപ്പുകഴ്ത്തുന്ന ഈ നാണംകെട്ട സ്ത്രീയെകുറിച്ച് മാനമുള്ളവർക്ക് ലജ്ജതോന്നും. ഭാരതമൊട്ടാകെയിളകിമറിഞ്ഞ് സ്വാതന്ത്ര്യം നേടാനുള്ള അന്തിമ മൽസരത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ വിദേശത്ത് പഠിക്കാൻ പോയിരുന്ന ഇവരുടെയും കുടുംബത്തിന്റെയും യഥാർത്ഥ സേവന ചരിത്രം ഇനിയും എഴുതപ്പെടാനിരിക്കുന്നതേയുള്ളു. ഇന്ത്യാക്കാർ മാതൃഭാഷയിൽ വിദ്യാഭ്യാസം നേടണമെന്നു ഉപദേശിച്ചുകൊണ്ട് പുത്രൻമാരെ വിദേശത്ത് വിദ്യാഭ്യാസത്തിനയച്ച ഇന്ദിര അക്കാര്യത്തിൽ പിതാവിന്റെ കാൽപ്പാടുകൾ പിന്തുടർന്നിട്ടുമുണ്ട്. കൊട്ടാരം പോലുള്ള ജയിലിൽ കിടന്നു സ്വന്തം പിതാവ് പുസ്തകമെഴുതുമ്പോഴും വിദേശത്തുപോയി രാഷ്ട്രീയതാൽപര്യമൊന്നുമില്ലാതെ സ്വയം പഠനം നടത്തിക്കൊണ്ടിരിക്കുമ്പോഴും കാരാഗ്രഹ മതിലുകൾ ചാടി ബ്രിട്ടീഷുപട്ടാളത്തിനെതിരെ പോരാടിയ ജയപ്രകാശ് നാരായണനെ തടവിലിട്ടുകൊണ്ട് സേവനപാരമ്പര്യത്തെക്കുറിച്ച് പ്രശംസിക്കാൻ ഇന്ദിരക്കല്ലാതെ ആർക്കെങ്കിലും കഴിയുമോ?

പ്രധാനമന്ത്രിയായിരിക്കെ ജവഹർലാൽ നെഹ്രുതന്നെ ഇന്ദിരയെ കോൺഗ്രസ് പ്രസിഡൻറാക്കി. പിതാവിനോടുള്ള നന്ദി കാണിക്കാൻ പുത്രിയെ ലാൽ ബഹദൂർ ശാസ്ത്രിമന്ത്രിയാക്കി. അന്നൊന്നും മഹത്തായ ഒരു കഴിവും ഇന്ദിരാഗാന്ധി പ്രകടിപ്പിച്ചിട്ടില്ല. കാമരാജും കൂട്ടരും ചേർന്നു പ്രധാനമന്ത്രി സ്ഥാനത്ത് ഇന്ദിരയെ വാഴിക്കുകയാണ് ചെയ്തത്. അർഹമല്ലാത്ത സ്ഥാനം ലഭിക്കുന്ന ആരേയും പോലെ, സ്ഥാനസംരക്ഷണത്തിനുവേണ്ടി എന്തുംചെയ്യാൻ മടിയില്ലാത്ത സ്ത്രീയാണെന്നു ഇന്ദിര തെളിയിക്കുകയും ചെയ്തു. അങ്ങിനെയാണ് 1969ൽ കോൺഗ്രസ് പിളർന്നത്.

പരിപാടി നടപ്പിലാക്കുന്നതിന്റെ പേരിൽ കോൺഗ്രസ് പിളരുന്നെങ്കിൽ പിളർന്നോട്ടെ എന്നുപലരും പറഞ്ഞപ്പോഴും ഇന്ദിരക്ക് മനസിലായില്ല. അതിൽ അൽഭുതവുമില്ല. അവർക്കു അതിനുള്ള കഴിവില്ല. സജ്ജീവറെഡ്ഡിയെ രാഷ്ട്രപതി സ്ഥാനത്തേക്കു മൽസരിക്കാനുള്ള സ്ഥാനാർത്ഥിയായി കോൺഗ്രസ് പാർളിമെൻററി ബോർഡ് നിയമിച്ചതാണ് ഇന്ദിരക്ക് പിടിക്കാത്തത്. എന്നിട്ടും സജ്ജീവറെഡ്ഡിയുടെ നാമനിർദേശപത്രികയിൽ അവർ ഒപ്പിട്ടുകൊടുക്കുകയും ചെയ്തു.

കോൺഗ്രസിൽ വിദേശശമ്പളം പററി കഴിയുന്ന ചിലർ സജ്ജീവറെഡ്ഡി വിജയിച്ചാൽ ഇന്ദിരയുടെനില അപകടത്തിലാകുമെന്നു് പ്രചരിപ്പിച്ചു. കൂലികൊടുത്ത് അവരെക്കൊണ്ട് പ്രകടനം നടത്തിച്ചു. ഇന്ദിരതന്നെവി.വി.ഗിരിക്ക് വോട്ടുപിടിക്കാനും ആരംഭിച്ചു. പുറത്ത് പറയാൻ കൊള്ളാത്ത ഈക്കാര്യത്തിനു് പരിപാടിയുടെ പരിവേഷമണിയിക്കുകയാണു് ഇന്ദിര ചെയ്തത്. അതേവരെ കോൺഗ്രസിന്റെ പരിപാടി നടപ്പിലാക്കാൻ മൊറാർജിയുൾപ്പടെയുള്ള സംഘടനാ കോൺഗ്രസുകാരോ, ഇന്ദിരയും ജവഹർലാലും ഉൾപ്പടെയുള്ള മററുള്ളവരോ കൂട്ടാക്കിയിരുന്നില്ല. പരിപാടി നടപ്പിലാക്കുമെന്നു പ്രഖ്യാപിക്കാനെങ്കിലും നിർബന്ധിതയായ ഇന്ദിരക്കു് കോൺഗ്രസിലെ പുരോഗമനവാദികളായ ചന്ദ്രശേഖറും കൂട്ടുകാരും സർവാത്മനാ പിന്തുണ നൽകി. അതാണ് അന്നു ജനങ്ങളിൽ പ്രതീക്ഷയും പ്രത്യാശയും ഉണ്ടാക്കിയത്.

പക്ഷെ, ഇന്ദിരയെചോദ്യംചെയ്യാൻ

(ശേഷം 15-ാം പേജിൽ)